# പതിനഞ്ചാം കേരള നിയമസഭ

## സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2023-2026)

## പന്ത്രണ്ടാമത് റിപ്പോർട്ട്

**(2025 മാർച്ച് മാസം 21-ാം തീയതി സഭയിൽ സമർപ്പിച്ചത്)**

**[സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2016-2019) യുടെ ഒൻപതാമത് റിപ്പോർട്ടിന്മേലുള്ള (കൊല്ലം ,കോഴിക്കോട് എന്നീ ജില്ലകളിലെ വിവിധ സാമൂഹ്യക്ഷേമ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച പ്രത്യേക റിപ്പോർട്ട് ) ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2025

# പതിനഞ്ചാം കേരള നിയമസഭ

## സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി
## (2023-2026)

## പന്ത്രണ്ടാമത് റിപ്പോർട്ട്

(2025 മാർച്ച് മാസം 21-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2016-2019) യുടെ ഒൻപതാമത് റിപ്പോർട്ടിന്മേലുള്ള (കൊല്ലം ,കോഴിക്കോട് എന്നീ ജില്ലകളിലെ വിവിധ സാമൂഹ്യക്ഷേമ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച പ്രത്യേക റിപ്പോർട്ട് ) ആക്ഷൻ ടേക്കൺ റിപ്പോർട്ട്]

## ഉള്ളടക്കം


| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |
| ഭാഗം I ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സമിതി അംഗീകരിച്ചവ | .. | 4 |
| ഭാഗം II സർക്കാരിൽ നിന്നും അനന്തര നടപടി റിപ്പോർട്ട് ലഭിക്കാത്ത ശിപാർശകൾ | .. | 30 |
| അനുബന്ധം | .. | 33 |

## സമിതിയുടെ ഘടന

ചെയർപേഴ്സൺ :

ശ്രീമതി യു. പ്രതിഭ

അംഗങ്ങൾ :

ശ്രീമതി ഒ.എസ്. അംബിക

ശ്രീമതി സി.കെ. ആശ

ശ്രീമതി ദെലീമ

ശ്രീമതി കാനത്തിൽ ജമീല

ഡോ. എം.കെ. മുനീർ

ശ്രീമതി ശാന്തകുമാരി കെ.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

ശ്രീമതി ഉമ തോമസ്

നിയമസഭാ സെക്രട്ടേറിയറ്റ് :

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. ത്രിദീപ് കെ.ജി., അഡീഷണൽ സെക്രട്ടറി

ശ്രീമതി ലാലി വി.എസ്., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി അമ്പിളി പി., അണ്ടർ സെക്രട്ടറി

ശ്രീമതി ബിന്ദു എസ്., അണ്ടർ സെക്രട്ടറി

## ആമുഖം

സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ ചെയർപേഴ്സണായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച്, സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കേരള നിയമസഭയുടെ സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2016-2019) 2018 ഒക്ടോബർ 16-ാം തീയതി കൊല്ലം ജില്ലയിലും, 2018 നവംബർ 15-ാം തീയതി കോഴിക്കോട് ജില്ലയിലും സാമൂഹ്യനീതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന വിവിധ ക്ഷേമ സ്ഥാപനങ്ങൾ സന്ദർശിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥാപനങ്ങളുടെ അടിസ്ഥാന സ്വകാര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായുള്ള ശിപാർശകൾ അടങ്ങിയ സമിതി (2016-2019) യുടെ ഒൻപതാമത് റിപ്പോർട്ട് (കൊല്ലം, കോഴിക്കോട് എന്നീ ജില്ലകളിലെ വിവിധ സാമൂഹ്യക്ഷേമ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്) 07.12.2018-ൽ സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച സർക്കാർ നടപടി സ്റ്റേറ്റുമെന്റുകളും ഉൾക്കൊള്ളിച്ച് തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2025 മാർച്ച് മാസം 19-ാം തീയതി ചേർന്ന സമിതിയോഗത്തിൽ ഈ റിപ്പോർട്ട് അംഗീകരിച്ചു.

**യു. പ്രതിഭ,**
ചെയർപേഴ്സൺ,
*സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും*
*കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും*
*ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2025 മാർച്ച് 21.

## റിപ്പോർട്ട്

സമൂഹത്തിലെ ഒട്ടുമിക്ക മേഖലകളിലും ചൂഷണം നേരിടുന്ന വിഭാഗമാണ് സ്ത്രീകളും ട്രാൻസ്ജെന്ററുകളും കുട്ടികളും ഭിന്നശേഷിക്കാരും. അവരുടെ പ്രശ്നങ്ങൾക്ക് ബന്ധപ്പെട്ട വകുപ്പുകൾ വഴി ശക്തമായ നടപടികളിലൂടെ പരിഹാരം ഉണ്ടാക്കുക എന്നത് സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ പ്രധാനപ്പെട്ട കർത്തവ്യങ്ങളിൽപ്പെടുന്നു. ജീവിതത്തിൽ ഒറ്റപ്പെട്ടവർക്ക് തണൽ നൽകി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് നയിച്ച് തുല്യ നീതി ഉറപ്പാക്കുന്നതിൽ സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ നിരവധി ക്ഷേമ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. അവ സന്ദർശിച്ച് അവയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നിർദ്ദേശങ്ങളും ശിപാർശകളും സർക്കാരിന് സമർപ്പിക്കുക എന്നതും സമിതിയുടെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. ഇക്കാര്യത്തിൽ സർക്കാരിന്റെ ലക്ഷ്യങ്ങൾ എത്രുവരെ വിജയിക്കുന്നു എന്ന് പരിശോധിക്കുന്നതിന്റെ ഭാഗമായി സമിതി കൊല്ലം, കോഴിക്കോട് എന്നീ ജില്ലകളിലെ ചിൽഡ്രൻസ് ഹോം, ഒബ്സർവേഷൻ ഹോം, ആഫ്റ്റർ കെയർ ഹോം, മഹിളാമന്ദിരം, വൃദ്ധമന്ദിരം എന്നിവ നേരിട്ട് സന്ദർശിക്കുകയും കേരള നിയമസഭയുടെ സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2016-19)യുടെ ഒൻപതാമത് റിപ്പോർട്ട് (കൊല്ലം, കോഴിക്കോട് എന്നീ ജില്ലകളിലെ വിവിധ സാമൂഹ്യക്ഷേമ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്) തയ്യാറാക്കി 2018 ഡിസംബർ 07-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

കൊല്ലം, കോഴിക്കോട് എന്നീ ജില്ലകളിലെ സാമൂഹ്യക്ഷേമ സ്ഥാപനങ്ങളിൽ നടത്തിയ സന്ദർശനങ്ങളുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചകളുടെയും അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും ശിപാർശകളും അടങ്ങുന്ന പ്രസ്തുത റിപ്പോർട്ടിൽ 37 ശിപാർശകളാണ് ഉണ്ടായിരുന്നത്. പ്രസ്തുത ശിപാർശകളിന്മേൽ അനന്തര നടപടി സ്വീകരിച്ച് സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി 9-ാമത് റിപ്പോർട്ട് സാമൂഹ്യനീതി, ആരോഗ്യകുടുംബക്ഷേമം, തൊഴിലും നൈപുണ്യവും പൊതുവിദ്യാഭ്യാസം, ഉന്നതവിദ്യാഭ്യാസം, കൃഷി എന്നീ വകുപ്പുകളിലേക്ക് അയച്ചുകൊടുത്തിരുന്നു.

വകുപ്പുകൾ ലഭ്യമാക്കിയ റിപ്പോർട്ടുകൾ സമിതിയുടെ വിവിധ യോഗങ്ങളിൽ പരിഗണിക്കുകയും തൃപ്തികരമല്ലാത്ത മറുപടികളിന്മേൽ അധികവിവരം ആരായുകയും ചെയ്തിരുന്നു. 9-ാമത് റിപ്പോർട്ടിലെ 'സഖി വൺസ്റ്റോപ്പ് സെന്റർ' എല്ലാ ജില്ലകളിലും

സ്ഥാപിക്കണമെന്ന ഖണ്ഡിക 35 ലെ ശിപാർശയിന്മേൽ സാമൂഹ്യനീതി (ബി) വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിച്ച സമിതി കേരളത്തിൽ പ്രവർത്തിക്കുന്ന 'സഖി വൺസ്റ്റോപ്പ് സെന്ററുകളുടെ പ്രവർത്തനം സംബന്ധിച്ച് ജില്ലാ അടിസ്ഥാനത്തിലുള്ള വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ സാമൂഹ്യനീതി വകുപ്പിനോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ വനിത ശിശുവികസന വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിക്കവെ എല്ലാ ജില്ലകളിലെയും 'സഖി വൺസ്റ്റോപ്പ് സെന്ററുകളിൽ പരിശോധന നടത്താൻ സമിതി തീരുമാനിച്ചിരുന്നു.

കൂടാതെ റിപ്പോർട്ടിലെ ഖണ്ഡിക 19 ലെ ശിപാർശയിന്മേൽ വനിത ശിശുവികസന വകുപ്പിന്റെ മറുപടി പരിഗണിച്ച സമിതി, സമിതിയുടെ ജില്ലാ സന്ദർശനങ്ങളിൽ അതത് ജില്ലകളിലുള്ള ചിൽഡ്രൻസ് ഹോമുകളും മഹിളാമന്ദിരങ്ങളും സന്ദർശിച്ച് അവയുടെ പ്രവർത്തനം വിലയിരുത്താനും തീരുമാനിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ 'സഖി വൺസ്റ്റോപ്പ് സെന്ററുകൾ ഉൾപ്പടെയുള്ള പ്രസ്തുത സ്ഥാപനങ്ങളിൽ സമിതി സന്ദർശനം നടത്തിവരുകയും പ്രവർത്തനം വിലയിരുത്തുകയും ചെയ്തു വരുന്നു.

പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളും അവ സംബന്ധിച്ച് സർക്കാർ സ്വീകരിച്ച നടപടികളും അടങ്ങുന്ന ഈ റിപ്പോർട്ട് രണ്ട് ഭാഗങ്ങളായാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം ഭാഗത്തിൽ സമിതി (2016-19)യുടെ 9-ാമത് റിപ്പോർട്ടിലെ ശിപാർശകൾ, അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ മറുപടികൾ എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു. രണ്ടാം ഭാഗത്തിൽ സർക്കാരിൽ നിന്നും നടപടി സ്റ്റേറ്റ്മെന്റ് ലഭിക്കാനുള്ള ശിപാർശയും, ബന്ധപ്പെട്ട വകുപ്പിന്റെ പേരും ഉൾപ്പെടുത്തിയിരിക്കുന്നു.

ഖണ്ഡിക 11-ലെ ശിപാർശയിന്മേൽ വനിത ശിശുവികസന വകുപ്പ് ലഭ്യമാക്കിയ മറുപടി സമിതി പരിഗണിക്കുകയും കോവിഡ് സാഹചര്യം മാറിയ പശ്ചാത്തലത്തിൽ ജുവനൈൽ ജസ്റ്റിസ് സ്ഥാപനങ്ങളിലെ കുട്ടികളെ വിനോദയാത്രയ്ക്ക് കൊണ്ടുപോകുന്നതിനുള്ള നടപടി പുനരാരംഭിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. പ്രസ്തുത സമിതി നിർദ്ദേശത്തിന്മേലും ഖണ്ഡിക 12, 23 എന്നിവയിന്മേലുള്ള സമിതി ആവശ്യപ്പെട്ട അധിക വിവരങ്ങളും, ഖണ്ഡിക 30 ലെ ശിപാർശയിന്മേലുള്ള നടപടി റിപ്പോർട്ടും ലഭ്യമാക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. പ്രസ്തുത നിർദ്ദേശങ്ങളും, ശിപാർശയും റിപ്പോർട്ടിലെ ഭാഗം II ൽ ഉൾപ്പടുത്തിയിരിക്കുന്നു.

# ഭാഗം I

## ശിപാർശകളിൻമേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ശിപാർശ | സ്വീകരിച്ച നടപടി |
|---|---|---|---|
| 1 | 8 | <u>ഗവൺമെന്റ് ചിൽഡ്രൻസ് ഹോം, കൊല്ലം</u><br><br>തികച്ചും ദാരുണമായ സാഹചര്യങ്ങളിൽ നിന്നും പ്രതികൂല ചുറ്റുപാടുകളിൽ നിന്നും എത്തപ്പെട്ടവരാണ് ചിൽഡ്രൻസ് ഹോമിലെ കുട്ടികൾ. അവർക്ക് സ്വാഭാവികമായുണ്ടാകാവുന്ന നൈരാശ്യബോധം മാറ്റി എടുക്കുന്നതിനും ജീവിതത്തെ നെഞ്ചുറപ്പോടെ നേരിടുന്നതിനും ഊർജ്ജ സ്വലത പകരുന്നതിനും കായിക പരിശീലനം തീർച്ചയായും ഉപകരിക്കുമെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ നിലവിലെ സ്ഥല പരിമിതി കണക്കിലെടുത്ത് ഷട്ടിൽ, ബാഡ്മിന്റൺ, ചെസ്, കാരംസ് എന്നിവപോലുള്ള കായികയിനങ്ങളിൽ ഗവൺമെന്റ് ചിൽഡ്രൻസ് ഹോമിലെ കുട്ടികൾക്ക് പരിശീലനം നൽകുന്നതിനാവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | <u>വനിതാ ശിശുവികസന (സി) വകുപ്പ്</u><br>**(10.07.2023-ലെ WCD-C3/321/2022-WCD നമ്പർ കത്ത് മുഖേന ലഭിച്ചത്)**<br>2021-22 സാമ്പത്തിക വർഷം ഗവൺമെന്റ് ചിൽഡ്രൻസ് ഹോമിലെ കുട്ടികൾക്ക് കലാ-കായിക ഇനങ്ങളിൽ പരിശീലനം നൽകുന്നതിന് പ്രതിമാസം 30,000/- രൂപ നിരക്കിൽ തുക അനുവദിച്ചിട്ടുണ്ട്. വിവിധ കായിക ഇനങ്ങളിലുള്ള പരിശീലനം ജെ. ജെ സ്ഥാപനങ്ങളിൽ നൽകി വരുന്നുണ്ട്.<br><br>(25.09.2023-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.) |
| 2 | 9 | ചിൽഡ്രൻസ് ഹോമിൽ 10 വയസ്സ് മുതൽ 18 വയസ്സ് വരെയുള്ള 61 കുട്ടികളുണ്ടെന്നും ഇവരിലാരെയെങ്കിലും ആശുപത്രിയിൽ കിടത്തേണ്ട സാഹചര്യമുണ്ടായാൽ കൂട്ടിരിപ്പിന് ആളെ കിട്ടുന്നതിന് ബുദ്ധിമുട്ടുണ്ടെന്നും സ്ഥാപനത്തിൽ രണ്ടു കെയർടേക്കർമാരുടെ ഒഴിവ് നിലനിൽക്കുന്നതായും സമിതി മനസ്സിലാക്കി. ചിൽഡ്രൻസ് ഹോമിലെ അന്തേവാസിയായ 10 വയസ്സുള്ള ഒരു കുട്ടിക്ക് ശസ്ത്രക്രിയയെത്തുടർന്ന് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 32 ദിവസം കിടത്തി ചികിത്സ വേണ്ടിവന്നുവെന്നും അപ്പോഴൊക്കെ നിലവിലുള്ള ജീവനക്കാർ തന്നെയാണ് സഹായികളായി നിന്നതെന്നും സമിതിയ്ക്ക് ബോധ്യപ്പെട്ടു. രാത്രി ഡ്യൂട്ടി ഉൾപ്പെടെ | <u>വനിതാ ശിശുവികസന (എ ) വകുപ്പ്</u><br>(25.10.2022-ലെ എ 2/89/2021/വ.ശി.വി.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്.)<br><br>കൊല്ലം ഗവൺമെന്റ് ചിൽഡ്രൻസ് ഹോമിൽ 4 കെയർ ടേക്കർ (മെയിൽ) തസ്തികകളും 3 കെയർ ടേക്കർ (ഫീമെയിൽ) തസ്തികകളുമാണ് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത തസ്തികകളിൽ എല്ലാം തന്നെ നിയമനം നടത്തിയിട്ടുണ്ട്. നിലവിൽ ഒഴിവുകൾ ഒന്നും തന്നെയില്ല എന്നുള്ള വിവരം അറിയിക്കുന്നു.<br>(22.12.2022-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)<br><u>വനിത ശിശുവികസന (സി) വകുപ്പ്</u><br>**<u>(10.07.2023-ലെ WCD-C3/321/2022-WCD നമ്പർ കത്ത് മുഖേന ലഭിച്ചത്</u>**<br>കൊല്ലം ഗവൺമെന്റ് ചിൽഡ്രൻസ് |

| | | | |
|---|---|---|---|
| | | നിർവ്വഹിക്കേണ്ടതിനാൽ കെയർ ടേക്കർമാരുടെ എണ്ണത്തിലുള്ള കുറവ് നിലവിലുള്ളവരുടെ ജോലിഭാരം വർദ്ധിപ്പിക്കുമെന്നത് കുട്ടികൾക്ക് ആവശ്യമായ പരിചരണം ലഭിക്കുന്നതിന് തടസ്സമാകുന്ന വെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ചിൽഡ്രൻസ് ഹോമിലെ കെയർടേക്കർമാരുടെ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | ഹോമിലെ കെയർടേക്കർ (മെയിൽ) തസ്തികയിൽ അനുവദിക്കപ്പെട്ട എണ്ണം 4 ഉം കെയർടേക്കർ (ഫീമെയിൽ) തസ്തികയിലെ അനുവദിക്കപ്പെട്ട എണ്ണം 3 ഉം ആണ് നിലവിൽ പ്രസ്തുത സ്ഥാപനത്തിൽ 4 മെയിൽ കെയർടേക്കർമാരും 3 ഫീമെയിൽ കെയർടേക്കർമാരും സേവന മനുഷ്ഠിക്കുന്നു. ഒഴിവുകൾ ഒന്നും തന്നെയില്ല.<br>(25.09.2023-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.) |
| 3 | 10 | ചിൽഡ്രൻസ് ഹോമിൽ നിന്നും 2018-ൽ 4 കുട്ടികൾ ഒളിച്ചോടിപ്പോയതായും 3 പേരെ ദിവസങ്ങൾക്കുശേഷം പോലീസ് കണ്ടെത്തിയതായും ഒരാളെ ഇപ്പോഴും കണ്ടെത്താനുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. മതിയായ സുരക്ഷാ ജീവനക്കാരുടെ അഭാവമാണ് ഇത്തരം സംഭവങ്ങൾക്ക് ഇടയാക്കുന്നതെന്ന് സമിതി നിരീക്ഷിക്കുന്നു. വ്യത്യസ്ത സാഹചര്യങ്ങളിൽ നിന്നും എത്തിപ്പെടുന്ന കുട്ടികളിൽ അക്രമവാസനയുള്ളവരും ഉണ്ടാകാമെന്ന തിനാൽ സ്ഥാപനത്തിൽ അനിഷ്ട സംഭവങ്ങൾ ഉണ്ടാകാതെ നോക്കുന്നതിനായി എല്ലാ അന്തേവാസി കളെയും കൃത്യമായും നിരന്തരമായും നിരീക്ഷിക്കേണ്ടതുണ്ടെന്നും ആയതിന് മതിയായ സുരക്ഷാ ജീവനക്കാരെ നിയോഗിക്കേണ്ടതുണ്ടെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ എല്ലാ ചിൽഡ്രൻസ് ഹോമുകളിലും സി.സി.ടി.വി ഏർപ്പെടുത്തണമെന്നും മതിയായ സുരക്ഷാജീവനക്കാരെ നിയോഗിക്കണ മെന്നും സമിതി ശിപാർശ ചെയ്യുന്നു. | <u>വനിതാ ശിശുവികസന (സി) വകുപ്പ്</u><br>(10.07.2023-ലെ WCD-C3/321/2022-WCD നമ്പർ കത്ത് മുഖേന ലഭിച്ചത്)<br>വകുപ്പിനു കീഴിൽ നിലവിൽ 16 ചിൽഡ്രൻസ് ഹോമുകളിൽ സി സി ടി വി ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. **ടി സ്ഥാപന ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. (അനുബന്ധം - I)**<br>സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 16 സർക്കാർ ചിൽഡ്രൻസ് ഹോമുകളിൽ തിരുവനന്തപുരം കൊല്ലം, ആലപ്പുഴ (നൂറനാട്), കോട്ടയം, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കണ്ണൂർ, കോഴിക്കോട്, ആലപ്പുഴ (മായിത്തറ) എന്നീ ജില്ലകളിലെ സ്ഥാപനങ്ങളിൽ സുരക്ഷ ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്. ബാക്കിയുള്ള ഹോമുകളിൽ മൾട്ടി ടാസ്ക് ജീവനക്കാരുടെ സേവനവും രാത്രികാലങ്ങളിൽ സ്ഥാപനത്തിലെ തന്നെ ജീവനക്കാർ സ്ഥാപനങ്ങളിൽ തന്നെ തങ്ങി കുട്ടികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നുണ്ട്.<br>(25.09.2023-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.) |
| 4 | 12 | പഠനം മുടങ്ങി നിൽക്കുന്ന കുട്ടികൾക്കായി സ്വയം തൊഴിൽ കണ്ടെത്തുന്നതിന് മൊബൈൽ ഫോൺ റിപ്പയറിംഗ്, പ്ലംബിംഗ്, അലുമിനിയം ഫാബ്രിക്കേഷൻ, കമ്പ്യൂട്ടർ കോഴ്സുകൾ എന്നിവ പഠിക്കുന്നതിനാവശ്യമായ സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളതായി | **<u>വനിതാ ശിശുവികസന (സി) വകുപ്പ്<br>(10.07.2023-ലെ WCD-C3/321/2022-WCD നമ്പർ കത്ത് മുഖേന ലഭിച്ചത്)</u>**<br>സ്ഥാപനേതര സംരക്ഷണം ഉറപ്പു വരുത്തണമെന്ന ജെ.ജെ.കമ്മിറ്റിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളിൽ കഴിയുന്ന കുട്ടികൾ 18 വയസ്സ് പൂർത്തിയാകുന്ന മുറയ്ക്ക് |

| | | | |
|---|---|---|---|
| | | സമിതി മനസ്സിലാക്കുന്നു. ചിൽഡ്രൻസ് ഹോമിൽ നിന്ന് കാലാവധി പൂർത്തിയായി പുറത്തിറങ്ങുമ്പോൾ ആരെയും ആശ്രയിക്കാതെ ജീവിക്കുവാൻ പ്രാപ്തരാക്കത്തക്കവിധം കുട്ടികൾക്ക് വിവിധ തൊഴിലധിഷ്ഠിത കോഴ്സുകളിൽ പ്രാവീണ്യം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | അവരെ സ്വന്തം കാലിൽ നിൽക്കാൻ പ്രാപ്തിയുള്ളവരാക്കി മാറ്റുക എന്ന ഉദ്ദേശ്യത്തോടെ ആഫ്റ്റർ കെയർ പദ്ധതി ആരംഭിച്ചു. ഇതിനായി 16 വയസ്സ് മുതൽ തന്നെ അവർക്ക് വ്യക്തി കേന്ദ്രീകൃത പരിശീലനവും മാനസികമായി തയ്യാറാക്കുന്നതിനുള്ള ഇടപെടലുകളും നടത്തേണ്ടതും, വളരെ തീവ്രമായ ഇടപെടൽ വേണ്ട പദ്ധതിക്ക് പ്രൊഫഷണൽ സമീപനവും സഹായവും ആവശ്യമാണ്. ഈ സാഹചര്യത്തിലാണ് സംസ്ഥാനത്ത് വനിതാ ശിശുവികസന വകുപ്പ് HLFPPT യുടെ സഹായത്തോടെ പൈലറ്റ് അടിസ്ഥാനത്തിൽ നാല് ഹോമുകളെ കേന്ദ്രീകരിച്ച് ആഫ്റ്റർ കെയർ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. നിലവിൽ സർക്കാരിന്റെ കീഴിൽ ബാക്കിയുള്ള ചിൽഡ്രൻസ് ഹോമുകളിൽ കൂടി പദ്ധതി വ്യാപിപ്പിച്ചിട്ടുണ്ട്. നിലവിൽ ജെ. ജെ. സ്ഥാപനങ്ങളിലെ 24 കുട്ടികൾക്ക് വിവിധ സ്ഥാപനങ്ങളിൽ പ്ലേസ്മെന്റ് ലഭ്യമായിട്ടുണ്ട്.<br>(25.09.2023-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.) |
| **5** | **13** | കുട്ടികൾക്ക് യോഗ പരിശീലനം, കായിക പരിശീലനം, കൗൺസിലിംഗ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ സേവനം, വിദ്യാർത്ഥികൾക്ക് ട്യൂഷൻ തുടങ്ങിയവ നിലവിൽ നൽകി വരുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത സേവനങ്ങൾ തുടർന്നും കാര്യക്ഷമമായി നൽകുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. | **<u>വനിതാ ശിശുവികസന (സി) വകുപ്പ് (10.07.2023-ലെ WCD-C3/321/2022-WCD നമ്പർ കത്ത് മുഖേന ലഭിച്ചത്)</u>**<br>കുട്ടികൾക്ക് യോഗ പരിശീലനം, കായിക പരിശീലനം, കൗൺസലിംഗ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ സേവനം, വിദ്യാർത്ഥികൾക്ക് ട്യൂഷൻ തുടങ്ങിയവ നിലവിൽ നൽകിവരുന്നു.<br>(25.09.2023-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.) |
| **6** | **14** | **<u>ഗവൺമെന്റ് ഒബ്സർവേഷൻ ഹോം, കൊല്ലം</u>**<br>ഒബ്സർവേഷൻ ഹോമിലെ കുട്ടികൾ കുറ്റവാസന ഉള്ളവരായതിനാലും ചിൽഡ്രൻസ് ഹോമിലെ കുട്ടികളും ഒബ്സർവേഷൻ ഹോമിലെ കുട്ടികളും വ്യത്യസ്ത കെട്ടിടങ്ങളിലാണെങ്കിലും ഒരേ കോമ്പൗണ്ടിലാണെന്നതിനാലും സഹവാസം മൂലം ചിൽഡ്രൻസ് ഹോമിലെ കുട്ടികളിലും പലപ്പോഴും | **<u>വനിതാ ശിശുവികസന (സി) വകുപ്പ് (10.07.2023-ലെ WCD-C3/321/2022-WCD നമ്പർ കത്ത് മുഖേനലഭിച്ചത്)</u>**<br>സ്വാഭാവ വൈകല്യങ്ങൾ ഉള്ള കുട്ടികൾക്കും മാനസിക പ്രശ്നങ്ങൾ ഉള്ള കുട്ടികൾക്കുമായി സന്നദ്ധ സംഘടനകളുടെ നേതൃത്വത്തിൽ ഹോമുകൾ നടത്തി വരുന്നു. ടി സ്ഥാപനങ്ങളിൽ കുട്ടികൾക്കായുള്ള മാനസിക പിന്തുണ, വിവിധ തെറാപ്പികൾ എന്നിവ നൽകുന്നുണ്ട്. സർക്കാർ |

| | | | |
|---|---|---|---|
| | | കുറ്റവാസന ഉണ്ടാകുവാൻ സാധ്യതയുണ്ടെന്ന് സമിതി കരുതുന്നു. ഒബ്സർവേഷൻ ഹോമിലുള്ള കുട്ടികളെ നിശ്ചിത കാലാവധിക്കു ശേഷം വീട്ടുകാർ തിരിച്ച് വീടുകളിലേയ്ക്ക് കൊണ്ടു പോയില്ലെങ്കിൽ അവരെ ചിൽഡ്രൻസ് ഹോമിൽ താമസിപ്പിക്കേണ്ടി വരുന്നതായി മനസ്സിലാക്കിയ സമിതി ഇത്തരത്തിൽ വീട്ടുകാർ കൊണ്ടു പോകാത്തതു മൂലം രണ്ടു തവണ ആത്മഹത്യാശ്രമം നടത്തിയ അന്തേവാസിയെ നേരിട്ട് കാണുകയുണ്ടായി. കൂടാതെ ADHD (Attention Deficit Hyperactivity Disorder) പോലുള്ള മാനസിക വൈകല്യമുള്ള കുട്ടികളെ മറ്റ് കുട്ടികളോടൊപ്പം താമസിപ്പിക്കേണ്ടി വരുന്നതായും തന്മൂലം പല സ്വഭാവ വൈകല്യങ്ങളും മറ്റു കുട്ടികളിലേയ്ക്കും വ്യാപിക്കാൻ സാധ്യതയുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. സ്വഭാവ വൈകല്യങ്ങളും മാനസിക പ്രശ്നങ്ങളും ഉള്ള കുട്ടികൾക്ക് പ്രത്യേക പരിചരണവും തുടർ ചികിത്സയും ആവശ്യമായതിനാൽ അവർക്കായി പ്രത്യേക ഹോം ആരംഭിച്ച് വിദഗ്ധ ചികിത്സയും പരിരക്ഷയും നൽകണമെന്നും ഇതിനായി നിശ്ചിത വിദ്യാഭ്യാസ യോഗ്യതയുള്ള സൈക്കോളജിസ്റ്റുകളെ കൂടുതലായി നിയമിച്ച് അത്തരം കുട്ടികൾക്ക് കൃത്യമായ കൗൺസിലിംഗ് നൽകി മാനസിക പ്രശ്നങ്ങൾ പരിഹരിച്ച് സമൂഹത്തിന്റെ മുഖ്യ ധാരയിലേയ്ക്ക് എത്തിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | ചിൽഡ്രൻസ് ഹോമുകളിൽ എത്തപ്പെടുന്ന സ്വഭാവ വൈകല്യങ്ങൾ, മാനസിക പ്രശ്നങ്ങൾ ഉള്ള കുട്ടികൾക്ക് സൈക്കോളജിക്കൽ സപ്പോർട്ട്, മാനസിക വിദഗ്ധരുടെ സേവനം എന്നിവ ലഭ്യമാക്കുന്നു.<br><br>(25.09.2023-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.) |
| 7 | 15 | ഒരേ മതിൽക്കെട്ടിനകത്തു പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ് ജില്ലയിലെ ചിൽഡ്രൻസ് ഹോമും ഒബ്സർവേഷൻ ഹോമും. ചിലപ്പോഴെങ്കിലും രണ്ടിടത്തെയും കുട്ടികളുടെ പരിചരണ കാര്യങ്ങൾ ഒരേ ജീവനക്കാർ നോക്കി നടത്തേണ്ടി വരുന്നു. 18 വയസ്സു വരെയുള്ള കുട്ടികളെ പാർപ്പിക്കുന്ന ചിൽഡ്രൻസ് ഹോമിൽ കെയർ ടേക്കർമാരായി സ്ത്രീ | <u>വനിതാ ശിശുവികസന (എ ) വകുപ്പ്</u><br><u>(19.04.2023-ലെ എ 2/89/2021/വ.ശി.വി.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്)</u><br><br>കൊല്ലം ഗവൺമെന്റ് ഒബ്സർവേഷൻ ഹോമിൽ 3 കെയർടേക്കർ (മെയിൽ) തസ്തികകൾ അനുവദിച്ചിട്ടുണ്ട്. നിലവിൽ ടി സ്ഥാപനത്തിൽ കെയർടേക്കർ (മെയിൽ) തസ്തികയിൽ രണ്ട് ജീവനക്കാർ |

| | | | |
|---|---|---|---|
| | | ജീവനക്കാരാണുള്ളത്. എന്നാൽ ഒബ്സർവേഷൻ ഹോമിൽ എത്തിപ്പെടുന്ന മുതിർന്ന കുട്ടികളെ പരിചരിക്കുന്നതിനും ശ്രദ്ധിക്കുന്നതിനും സ്ത്രീ ജീവനക്കാർക്ക് പരിമിതികളുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഒബ്സർവേഷൻ ഹോമിൽ കെയർ ടേക്കർമാരായി പുരുഷൻമാരെ കൂടി നിയമിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | സേവനമനുഷ്ഠിക്കുന്നുണ്ട്.<br><br>(25.09.2023-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)<br><br>**<u>വനിതാ ശിശുവികസന (സി) വകുപ്പ് (10.07.2023-ലെ WCD-C3/321/2022-WCD നമ്പർ കത്ത് മുഖേന ലഭിച്ചത്.)</u>**<br>കൊല്ലം ഗവൺമെന്റ് ഒബ്സർവേഷൻ ഹോമിൽ 3 മെയിൽ കെയർടേക്കർ തസ്തിക അനുവദിച്ചിട്ടുണ്ട്. നിലവിൽ പ്രസ്തുത സ്ഥാപനത്തിൽ 3 മെയിൽ കെയർടേക്കർമാരും സേവനമനുഷ്ഠിക്കുന്നു. ഒഴിവുകൾ ഒന്നും തന്നെയില്ല.<br>(25.09.2023-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.) |
| **8** | **17** | ഒരു കുരുന്നു ബാല്യവും ബാല ഭിക്ഷാടനത്തിലേക്ക് വലിച്ചെറിയപ്പെടരുത്. നിർഭാഗ്യവശാൽ ബാലഭിക്ഷാടനത്തിൽ അകപ്പെട്ടുപോകുന്ന പിഞ്ചുബാല്യങ്ങളെ കണ്ടെത്തി രക്ഷിക്കുന്നതിനും സംരക്ഷണം നൽകുന്നതിനും ഉപയുക്തമാകുന്നതിലേയ്ക്കായി '**ശരണബാല്യം**' പദ്ധതി എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **<u>വനിതാ ശിശുവികസന (സി) വകുപ്പ് (10.07.2023-ലെ WCD-C3/321/2022-WCD നമ്പർ കത്ത് മുഖേന ലഭിച്ചത്.)</u>**<br>**ശരണബാല്യം** പദ്ധതി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും വ്യാപിപ്പിച്ചിട്ടുണ്ട്.<br>(25.09.2023-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.) |
| **9** | **19** | **<u>മഹിളാ മന്ദിരം, കൊല്ലം</u>**<br>മഹിളാ മന്ദിരത്തിലെ താമസക്കാർക്ക് തുടർ പഠനത്തിനും തൊഴിൽ പരിശീലനത്തിനും അവസരങ്ങളുണ്ടെന്ന് സമിതി വിലയിരുത്തുന്നു. തുടർപഠനം ആഗ്രഹിക്കുന്ന താമസക്കാരെ ആഫ്റ്റർ കെയർ ഹോമുകളിലേയ്ക്ക് മാറ്റാറുള്ളതായും നിലവിൽ 4 പേരൊഴികെയുള്ളവരെല്ലാം പഠിക്കുന്നതായും അവരിൽ 2 എഞ്ചിനീയറിംഗ് വിദ്യാർത്ഥികളുമുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. കൂടാതെ മഹിളാ മന്ദിരത്തിലെ താമസക്കാർക്ക് നൽകിവരുന്ന തയ്യൽ പരിശീലനം, സഞ്ചി, ബാഗ്, ചവിട്ടി, ലോഷൻ, വാഷിംഗ് പൗഡർ, സോപ്പ് മുതലായവ നിർമ്മിക്കുന്നതിനുള്ള പരിശീലനം | **<u>സാമൂഹ്യനീതി (ബി) വകുപ്പ് (24.06.2020-ലെ സാ.നീ.വ-ബി3/379/2019/സാ.നീ.വ നമ്പർ കത്ത് മുഖേന ലഭിച്ചത്.)</u>**<br><br>വനിത വികസന കോർപ്പറേഷനുമായി ബന്ധപ്പെട്ട് ക്ഷേമ സ്ഥാപനങ്ങളിലെ താമസക്കാർക്ക് അഭികാമ്യമായ മേഖലയിൽ തൊഴിൽ നൈപുണ്യ പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>(06.11.2020-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)<br><br>**<u>വനിതാ ശിശുവികസന (സി) വകുപ്പ്</u>** |

| | | | |
|---|---|---|---|
| | | എന്നിവ ഇവിടുത്തെ താമസത്തിനുശേഷവും തുടർ ജീവിതത്തിനുള്ള ആത്മവിശ്വാസം നല്കുന്നതിനും ഒരു വരുമാനം ലഭിക്കുന്നതിനും അന്തേവാസികളെ സഹായിക്കുമെന്ന് സമിതി വിലയിരുത്തുന്നു. എന്നാൽ ഇതിനായി തുടർച്ചയായി അധ്യാപകരെ ലഭിക്കുന്നില്ലെന്നും 6 മാസത്തേയ്ക്ക് കരാറടിസ്ഥാനത്തിലാണ് അധ്യാപികയെ നിയമിച്ചിരിക്കുന്നതെന്നും സമിതി മനസ്സിലാക്കുന്നു. തൊഴിൽ പരിശീലനം അന്തേവാസികൾക്ക് വളരെയധികം ഉപയോഗപ്രദമായതിനാൽ അന്തേവാസികളുടെ എണ്ണത്തിനും അഭിരുചിക്കും ആനുപാതികമായി തൊഴിൽ പരിശീലനം നൽകുന്നതിന് കരാർ അടിസ്ഥാനത്തിൽ ആവശ്യമായ പരിശീലകരുടെ സേവനം മുടക്കം കൂടാതെ ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **(30.05.2022-ലെ വശിവിവ- ബി3/21/2022/വശിവിവ നമ്പർ കത്ത് മുഖേന ലഭിച്ചത്)**<br><br>ക്ഷേമ സ്ഥാപനങ്ങളിലെ താമസക്കാർക്ക് പുനരധിവാസത്തിന്റെ ഭാഗമായി അവരുടെ അഭിരുചിക്കനുസരിച്ച് തൊഴിൽ നൈപുണ്യ പരിശീലനം നൽകുന്നതിനായി തയ്യൽ പരിശീലനം, ഗ്രോബാഗ്, പച്ചക്കറിക്കൃഷി, അച്ചാർ, പലഹാര-നിർമ്മാണം, കോഴി വളർത്തൽ, എൽ.ഇ.ഡി. ബൾബ് യൂണിറ്റ് നിർമ്മാണം, തുണി ബാഗ്, മാസ്ക്, ചവിട്ടി നിർമ്മാണം തുടങ്ങിയവ സ്ഥാപനത്തിൽ ആരംഭിക്കുന്നതിനായി ഫണ്ട് അനുവദിക്കുകയും അപ്രകാരം പ്രവർത്തിച്ച് വരികയും ചെയ്യുന്നുണ്ട്. മഹിളാ ശക്തി കേന്ദ്രയുടെ ജില്ലാതല ടീം അംഗങ്ങളുടെ സഹായത്തോടെ 'Individual Rehabilitation Plan' കൂടി തയ്യാറാക്കി ഓരോ വ്യക്തിയുടെ അഭിരുചിയും കഴിവും അനുസരിച്ച് വരുമാന വർദ്ധന പ്രക്രിയയിൽ ഏർപ്പെടുത്തുന്നതിനായി നടപടി സ്വീകരിച്ച് വരുന്നു.<br><br>(20.10.2022-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.) |
| **10** | **20** | ജീവനക്കാരും അന്തേവാസികളും വനിതകൾ മാത്രമുള്ള മഹിളാമന്ദിരത്തിൽ സുരക്ഷാ ജീവനക്കാരില്ലെന്നത് സമിതി ആശങ്കയോടെ വീക്ഷിക്കുന്നു. സ്ഥാപനത്തിനോടു തൊട്ടുചേർന്നുതന്നെ കെട്ടിടനിർമ്മാണത്തിനായി ഇതര സംസ്ഥാന തൊഴിലാളികൾ ഉൾപ്പെടെ നിരവധിയാളുകൾ പണിയെടുക്കുന്നുണ്ട് എന്നുള്ളത് സുരക്ഷാസംവിധാനം ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകത വർദ്ധിപ്പിക്കുന്നതായി സമിതി വിലയിരുത്തി സുരക്ഷാ സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി മഹിളാമന്ദിരത്തിൽ സി.സി. ടി.വി. ക്യാമറകൾ സ്ഥാപിക്കുന്നതിനും സുരക്ഷാ ജീവനക്കാരെ നിയോഗി ക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **സാമൂഹ്യനീതി (ബി) വകുപ്പ് (24.06.2020-ലെ സാ.നീ.വ- ബി3/379/2019/സാ.നീ.വ നമ്പർ കത്ത് മുഖേന ലഭിച്ചത്.)**<br>മഹിളാ മന്ദിരത്തിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്നതിന് കെൽട്രോൺ അധികൃതരുമായി ബന്ധപ്പെട്ട് ആവശ്യമായ പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് സൂപ്രണ്ടുമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>(06.11.2020 -ലെ സമിതി യോഗം പരിഗണിച്ചു. അധിക വിവരം ആവശ്യപ്പെട്ടു.) |

| | | | |
|---|---|---|---|
| | | **06.11.2020 ൽ സമിതി ആവശ്യപ്പെട്ട അധിക വിവരം** | **സാമൂഹ്യനീതി(ബി)വകുപ്പ്**<br>**(13.07.2021-ലെ സാ.നീ.വ-ബി3/379/ 2019/സാ.നീ.വ നമ്പർ കത്ത് മുഖേന ലഭിച്ചത്.)** |
| | | മഹിളാ മന്ദിരത്തിൽ സി സി ടി വി ക്യാമറകൾ സ്ഥാപിക്കുന്ന നടപടിയുടെ നിലവിലെ സ്ഥിതി എന്താണ്?. | വനിതാ ശിശുവികസന വകുപ്പിന്റെ കീഴിലുള്ള 12 ഗവൺമെന്റ് മഹിളാ മന്ദിരങ്ങളിൽ കെൽട്രോൺ മുഖേന സിസിടിവി ക്യാമറകൾ സ്ഥാപിക്കുന്നതിന് 2020-21 സാമ്പത്തിക വർഷം ഭരണാനുമതി നൽകുകയും ഇതിൽ തിരുവനന്തപുരം, എറണാകുളം ഗവൺമെന്റ് മഹിളാമന്ദിരങ്ങൾ ഒഴികെ മറ്റ് 10 മഹിളാമന്ദിരങ്ങളിലും സി.സി.ടി.വി. ക്യാമറ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരം, എറണാകുളം സ്ഥാപനങ്ങളിൽ സി.സി.ടി.വി. ക്യാമറ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ കെൽട്രോൺ സ്വീകരിച്ചു വരുന്നു.<br>( 09.09.2021-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)<br>**വനിതാ ശിശുവികസന (ബി) വകുപ്പ്**<br>**(30.05.2022-ലെ വശിവിവ - ബി3/21/2022/വശിവിവ നമ്പർ കത്ത് മുഖേന ലഭിച്ചത്.)**<br><br>സംസ്ഥാനത്തെ എല്ലാ മഹിളാമന്ദിരങ്ങളിലും CCTV സ്ഥാപിച്ചിട്ടുണ്ട്. സുരക്ഷാ ജീവനക്കാരെ നിയോഗിക്കുന്നത് സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ പരിഗണിക്കാൻ നിർവ്വാഹമില്ല.<br>(20.10.2022-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.) |
| **11** | **21** | തെരുവിൽ അന്തിയുറങ്ങുന്ന സ്ത്രീകളെയും കുട്ടികളെയും താമസിപ്പിക്കുന്നതിനായി കൊല്ലം കോർപ്പറേഷൻ മുൻകൈ എടുത്ത് നിർമ്മിക്കുന്ന നൈറ്റ് ഷെൽട്ടറിൽ 10 പേർക്കുള്ള താമസസൗകര്യമാണ് ഏർപ്പെടുത്തുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. തെരുവോരങ്ങളിൽ ഉറങ്ങുന്ന കൂടുതൽ പേർക്ക് പ്രയോജനം ലഭിക്കത്തക്കവിധം നൈറ്റ് ഷെൽട്ടറിന്റെ ഭൗതിക സൗകര്യം വർദ്ധിപ്പിക്കണമെന്നും നിർമ്മാണ | **സാമൂഹ്യനീതി (ബി) വകുപ്പ്**<br>**(24.06.2020-ലെ സാ.നീ.വ-ബി3/379/2019/സാ.നീ.വ നമ്പർ കത്ത് മുഖേന ലഭിച്ചത്. )**<br><br>നിരാലംബരായ സ്ത്രീകൾക്കും കൂടെയുള്ള 12 വയസ്സ് വരെയുള്ള കുട്ടികൾക്കും രാത്രികാലങ്ങളിൽ സുരക്ഷിതമായി താമസിക്കുന്നതിന് തിരുവനന്തപുരം ജില്ലയിൽ തമ്പാനൂർ ബസ് ടെർമിനലിലെ KSRTC യുടെ കെട്ടിടത്തിലും കോഴിക്കോട് ജില്ലയിൽ കസബ പോലീസ് സ്റ്റേഷന് സമീപവും 'എന്റെ കൂട് ' സ്ഥാപനം |

| | | | |
|---|---|---|---|
| | | പ്രവർത്തനങ്ങൾ കഴിയുന്നത്ര വേഗം പൂർത്തീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | പ്രവർത്തിച്ചു വരുന്നു. സമിതിയുടെ ശിപാർശ തുടർ നടപടികൾക്കായി കൊല്ലം ജില്ലാ വനിതശിശു വികസന ഓഫീസർക്ക് നൽകിയിട്ടുണ്ട്.<br>( 06.11.2020-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)<br><br>**<u>വനിതാ ശിശുവികസന (ബി) വകുപ്പ് (30.05.2022-ലെ ബി3/21/2022/വശിവിവ നമ്പർ കത്ത് മുഖേന ലഭിച്ചത്.)</u>**<br><br>കൊല്ലം കോർപ്പറേഷന്റെ കീഴിൽ കൊല്ലം അർബൻ ഐ.സി.ഡി.എസി-ന്റെ പരിധിയിൽ വരുന്ന നൈറ്റ് ഷെൽട്ടർ ഹോമിന്റെ ഉദ്ഘാടനം കഴിഞ്ഞുവെങ്കിലും കോവിഡിന്റെ പശ്ചാത്തലത്തിൽ സ്ഥാപനം പ്രവർത്തനം ആരംഭിച്ചിട്ടില്ല. നിലവിൽ ഷെൽട്ടർ ഹോം പ്രവർത്തിക്കുന്നത് അങ്കണവാടി കെട്ടിടത്തിന്റെ മുകളിലത്തെ നിലയിൽ ആയതിനാൽ കൂടുതൽ സൗകര്യങ്ങൾ ടി കെട്ടിടത്തിൽ സജ്ജമാക്കുന്നതിന് കഴിയാത്ത സാഹചര്യമാണ് ഉള്ളത്. അത്യാവശ്യ സന്ദർഭത്തിൽ ആളുകളെ പ്രവേശിപ്പിക്കുന്നതിനായി പത്ത് ബെഡ്, ഒരു ടോയ്‌ലറ്റ് എന്നിവയാണ് കോർപ്പറേഷൻ ഒരുക്കിയിട്ടുള്ളത്. കോർപ്പറേഷൻ ഷീ-ലോഡ്ജ് പ്രവർത്തിക്കുന്നതിനായി കണ്ടെത്തിയിരിക്കുന്ന സ്ഥലത്ത് തന്നെയാണ് ഷെൽട്ടർ ഹോമും നിർമ്മിക്കുന്നതിനായി തീരുമാനിച്ചിട്ടുള്ളത്. പ്രസ്തുത സ്ഥലം മണ്ണ് പരിശോധന കഴിഞ്ഞ് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനായി നടപടി സ്വീകരിച്ചു വരുന്നു.<br><br>( 20.10.2022-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.) |
| 12 | 23 | **<u>ഗവൺമെന്റ് വൃദ്ധമന്ദിരം, കോഴിക്കോട്</u>**<br><br>അന്തേവാസികളിൽ ജീവിതശൈലീ രോഗങ്ങളും മറ്റ് ശാരീരിക മാനസിക ബുദ്ധിമുട്ടുകളും അനുഭവിക്കുന്നവരുണ്ടെന്ന് സമിതിക്ക് മനസ്സിലായി. അതിനാൽ | **<u>സാമൂഹ്യനീതി (സി) വകുപ്പ് (19.12.2019-ലെ സാ.നീ.വ-സി1/107/2019/സാ.നീ.വ നമ്പർ കത്ത് മുഖേന ലഭിച്ചത്)</u>** |

| | | | |
|---|---|---|---|
| | | രോഗചികിത്സയ്ക്കായി അലോപ്പതി ഡോക്ടറുടെ സേവനം മാസത്തിൽ 5 ദിവസം എന്നതിനുപകരം ആഴ്ചയിൽ 3 ദിവസമെങ്കിലും ലഭ്യമാക്കണമെന്നും വിദഗ്ധ ചികിത്സ ആവശ്യമുള്ളവർക്ക് കോഴിക്കോട് മെഡിക്കൽ കോളേജുമായി ചേർന്ന് അതിനുള്ള സൗകര്യമൊരുക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. കൂടാതെ രണ്ടാഴ്ചയിലൊരിക്കലെങ്കിലും മാനസികരോഗ വിദഗ്ധന്റെ സേവനം ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. | അലോപ്പതി ഡോക്ടറുടെ സേവനം മാസത്തിൽ 5 ദിവസത്തിനു പകരം ആഴ്ചയിൽ 3 ദിവസമെങ്കിലും ലഭ്യമാക്കുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകുവാൻ ആരോഗ്യ വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.<br><br>കോഴിക്കോട് ഗവൺമെന്റ് വൃദ്ധ സദനത്തിൽ നിലവിൽ താമസക്കാരുടെ വിദഗ്ധ ചികിത്സയ്ക്ക് കോഴിക്കോട് മെഡിക്കൽ കോളേജിലെ സേവനം ലഭ്യമാകുന്നുണ്ട്. കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ 'District Mental Health Programme' സൈക്യാട്രിക് സേവനം മാസത്തിൽ ഒരിക്കൽ ലഭ്യമാകുന്നുണ്ട്. കൂടാതെ വകുപ്പിന്റെ ധനസഹായത്തോടെ നിംഹാൻസിന്റെ സൈക്കോ സോഷ്യൽ കെയർ ഫോർ എൽഡർലി പേഷ്യന്റ്സ് പ്രോജക്ട്-ന്റെ ഭാഗമായി സൈക്കോളജിസ്റ്റിന്റെ സേവനവും ലഭിക്കുന്നുണ്ട്.<br>(06.11.2020-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.) |
| 13 | 24 | വയോജനങ്ങൾക്ക് പലപ്പോഴും അടിയന്തര ചികിത്സ ലഭ്യമാക്കേണ്ട സാഹചര്യമുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 24 മണിക്കൂറും ചികിത്സ ലഭ്യമാക്കുന്നതിനായി Dr. on call duty സമ്പ്രദായത്തിൽ ഒരു ഡോക്ടറെ നിയമിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. കൂടാതെ അടിയന്തര വിദഗ്ധ ചികിത്സ ലഭ്യമാക്കുന്നതിനായി 24 മണിക്കൂറും ആംബുലൻസ് സംവിധാനം ഉറപ്പാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. | **സാമൂഹ്യനീതി (സി) വകുപ്പ് (19.12.2019-ലെ സാ.നീ.വ-സി1/107/2019/സാ.നീ.വ നമ്പർ കത്ത് മുഖേന ലഭിച്ചത്)**<br><br>താമസക്കാരുടെ അടിയന്തര ചികിത്സയ്ക്ക് 24 മണിക്കൂറും ഡോക്ടർ (on call duty) സമ്പ്രദായത്തിൽ അടുത്തുള്ള പബ്ലിക് ഹെൽത്ത് സെന്റർ മുഖേന ഡോക്ടറുടെ സേവനം സ്ഥാപനത്തിനു ലഭ്യമാക്കുന്നതിന് കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസർക്ക് സ്ഥാപന സൂപ്രണ്ട് മുഖേന അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. സ്ഥാപനത്തിൽ നിലവിൽ പുറമേ നിന്നുള്ള ആംബുലൻസിന്റെ സേവനമാണ് ലഭിക്കുന്നത്.<br><br>(06.11.2020-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.) |

| | | | |
|---|---|---|---|
| | | | **<u>ആരോഗ്യ കുടുംബക്ഷേമം (എം) വകുപ്പ് (15.02.2023-ലെ M2/499/2019/HEALTH നമ്പർ കത്ത് മുഖേന ലഭിച്ചത്))</u>**<br>കോഴിക്കോട് ഗവൺമെന്റ് വൃദ്ധമന്ദിരത്തിലെ വയോജനങ്ങൾക്ക് ചികിത്സ ഉറപ്പ് വരുത്തുന്നതിനായി വെള്ളിമാട്കുന്ന് റൂറൽ ഡിസ്പെൻസറിയിൽ നിന്നും ഒരു ഡോക്ടറെ ആഴ്ചയിൽ രണ്ടു ദിവസം വൃദ്ധ മന്ദിരത്തിലേക്ക് നിയോഗിക്കുകയും കോഴിക്കോട് ഗവൺമെന്റ് മാനസിക ആരോഗ്യ കേന്ദ്രത്തിൽ നിന്നും മാസത്തിൽ രണ്ടു ദിവസം ഒരു സൈക്യാട്രിസ്റ്റിന്റെ സേവനവും പ്രസ്തുത സ്ഥാപനത്തിലേക്ക് ലഭ്യമാക്കി യിട്ടുണ്ട്. വയോജനങ്ങൾക്ക് അടിയന്തരഘട്ടങ്ങളിൽ വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുന്നതിനായി ഇരുപത്തിനാല് മണിക്കൂറും ഗവൺമെന്റ് ജനറൽ ആശുപത്രിയിലെ ആംബുലൻസ്/ വിദഗ്ദ്ധ ഡോക്ടറുടെ സേവനവും നൽകുന്നതിനുള്ള നിർദേശം ഗവൺമെന്റ് ജനറൽ ആശുപത്രി സൂപ്രണ്ടിന് നൽകിയിട്ടുണ്ട്. വയോജനങ്ങൾക്ക് ഉള്ള ചികിത്സ ഉറപ്പ് വരുത്തുന്നതിനും അടിയന്തര ഘട്ടങ്ങളിൽ വിദഗ്ദ്ധ ചികിത്സക്കായി രോഗികളെ കൊണ്ട് പോകുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>( 25.09.2023-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.) |
| **14** | **25** | തിരക്കേറിയ ആധുനിക ലോകത്ത് ഉറ്റവരാലും ഉടയവരാലും ഉപേക്ഷിക്കപ്പെട്ട വയോജനങ്ങൾക്ക് മാനസിക ഉല്ലാസം ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നത് അന്തേവാസികളുടെ മാനസിക സമ്മർദ്ദം കുറയ്ക്കുന്നതിന് ഉചിതമായിരിക്കുമെന്ന് സമിതി വിലയിരുത്തുന്നു. ആയതിനുവേണ്ടി വൃദ്ധ മന്ദിരത്തിൽ മാനസിക ഉല്ലാസം പ്രദാനം ചെയ്യുന്ന വിനോദ പരിപാടികൾ സംഘടിപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ചിൽഡ്രൻസ് ഹോമിലെ കുട്ടികളെയും വയോജനങ്ങളെയും ഒന്നിച്ച് ചേർത്ത് വിവിധ വിനോദ പരിപാടികളും യാത്രകളും സംഘടിപ്പിച്ചാൽ വയോജനങ്ങളുടെ | **<u>സാമൂഹ്യനീതി (സി) വകുപ്പ് (19.12.2019-ലെ സാ.നീ.വ-സി1/107/2019/സാ.നീ.വ നമ്പർ കത്ത് മുഖേന ലഭിച്ചത്.)</u>**<br><br>താമസക്കാരുടെ മാനസിക ഉല്ലാസത്തിനായി outings നടത്തി വരുന്നുണ്ട്. കൂടാതെ ഹോമുകളിൽ വയോജനങ്ങൾക്കു വേണ്ടി മ്യൂസിക് തെറാപ്പിയും, യോഗ തെറാപ്പിയും നൽകി വരുന്നു.<br><br>(6.11.2020-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.) |

| | | | |
|---|---|---|---|
| | | ഏകാന്ത ദു:ഖത്തിന് പരിഹാരം കാണാനും കുട്ടികൾക്ക് സന്തോഷം പകരാനും സാധിക്കുമെന്ന്സമിതി അഭിപ്രായപ്പെടുന്നു. | |
| **15** | **26** | തവനൂരിലെ വൃദ്ധ സദനത്തിൽ നിന്നും ട്രാൻസ്ഫർ ചെയ്ത് ഇവിടെ എത്തിയ ദമ്പതിമാരുമായി ആശയവിനിമയം നടത്തിയ സമിതിയോട് ഇരുകൈകൾക്കും സ്വാധീനമില്ലാത്ത ഭർത്താവിനെ ശുശ്രൂഷിക്കുന്നതിന് ഡോർമിറ്ററി സംവിധാനത്തിന് പകരമായി തങ്ങൾക്ക് പ്രത്യേക മുറി അനുവദിക്കണമെന്ന് അവർ അഭ്യർത്ഥിക്കുകയുണ്ടായി. ഇത്തരം കേസുകൾ പ്രത്യേക പരിഗണന അർഹിക്കുന്നതായി നിരീക്ഷിച്ച സമിതി പ്രായോഗിക സമീപനത്തിൽ അധിഷ്ഠിതമായ പരിഹാരമാർഗ്ഗങ്ങളാണ് ഇത്തരം കാര്യങ്ങളിൽ ഉരുത്തിരിയേണ്ടത് എന്ന് അഭിപ്രായപ്പെടുകയും ഇക്കാര്യത്തിൽ ഉചിതമായ പരിഹാര നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുന്നു. | **<u>സാമൂഹ്യനീതി (സി) വകുപ്പ് (19.12.2019-ലെ സാ.നീ.വ-സി1/107/2019/സാ.നീ.വ നമ്പർ കത്ത് മുഖേന ലഭിച്ചത്.)</u>**<br><br>സ്ഥല സൗകര്യമുള്ള സർക്കാർ വൃദ്ധ സദനങ്ങളിൽ ദമ്പതികളായ താമസക്കാർക്ക് താമസിക്കുന്നതിനായി പ്രത്യേകം മുറി ക്രമീകരിച്ച് നൽകി വരുന്നുണ്ട്.<br><br>(06.11.2020 -ലെ സമിതി യോഗം പരിഗണിച്ചു. അധിക വിവരം ആവശ്യപ്പെട്ടു) |
| | | **06.11.2020 ൽ സമിതി ആവശ്യപ്പെട്ട അധിക വിവരം**<br><br>ശിപാർശയുമായി ബന്ധപ്പെട്ട് തവനൂരിലെ വൃദ്ധസദനത്തിൽ നിന്നും കോഴിക്കോട് വൃദ്ധസദനത്തിലെത്തിച്ച ദമ്പതികളുടെ അഭ്യർത്ഥന പ്രകാരം ഡോർമിറ്ററിക്കു പകരം അവർക്ക് പ്രത്യേക മുറി നൽകിയോയെന്ന് ആരായുക. | **<u>സാമൂഹ്യനീതി (സി) വകുപ്പ് (23.11.2022-ലെ SJD-C1/107/-2019/SJD നമ്പർ കത്ത് മുഖേന ലഭിച്ചത്.)</u>**<br><br>തവനൂർ വൃദ്ധമന്ദിരത്തിൽ നിന്നും കോഴിക്കോട് ഗവൺമെന്റ് വൃദ്ധമന്ദിരത്തിൽ എത്തിച്ച ദമ്പതിമാരും പാലക്കാട് സ്വദേശികളുമായ ശ്രീ. രാമദാസ്, ശ്രീമതി നിർമ്മല എന്നിവർക്ക് പാലക്കാട് കൊടുവായൂർ സർക്കാർ വൃദ്ധവികലാംഗ സദനത്തിൽ പ്രവേശനം ലഭിച്ചതിനാൽ 01.12.2019 ന് കോഴിക്കോട് വൃദ്ധ മന്ദിരത്തിൽ നിന്നും വിടുതൽ ചെയ്യുകയുണ്ടായി. എന്നാൽ പാലക്കാട് കൊടുവായൂർ ഗവൺമെന്റ് വൃദ്ധവികലാംഗ സദനത്തിൽ ഡോർമിറ്ററി സംവിധാനം മാത്രമുള്ളതിനാൽ ടി ദമ്പതികൾക്ക് പ്രത്യേക മുറി അനുവദിക്കാൻ കഴിഞ്ഞിരുന്നില്ല. ശ്രീ. രാമദാസിന് കൊടുവായൂർ ഗവൺമെന്റ് വൃദ്ധവികലാംഗ സദനത്തിലെ സാഹചര്യങ്ങളുമായി പൊരുത്തപ്പെടാൻ സാധിക്കാതെ വന്നതിനാൽ മാനേജ്മെന്റ് കമ്മിറ്റിയും, പോലീസും ഇടപെട്ട് ശ്രീ. രാമദാസ്, ശ്രീമതി നിർമ്മല എന്നിവരെ ഓർഫനേജ് കൺട്രോൾ ബോർഡ് |

| | | | |
|---|---|---|---|
| | | | അംഗീകാരത്തോടെ പ്രവർത്തിക്കുന്ന മറിയം വില്ലേജ് എന്ന സ്ഥാപനത്തിൽ പ്രത്യേക മുറി സൗകര്യം നൽകി മാറ്റി പാർപ്പിച്ചിട്ടുള്ളതായി പാലക്കാട് ജില്ലാ സാമൂഹ്യനീതി ഓഫീസർ 25.07.2022-ലെ 696/2022 നമ്പർ കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുള്ളതായി സാമൂഹ്യനീതി ഡയറക്ടർ അറിയിച്ചിട്ടുണ്ട്.<br>( 22.12.2022-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.) |
| 16 | 29 | **<u>ഗവൺമെന്റ് ചിൽഡ്രൻസ് ഹോം, കോഴിക്കോട്</u>**<br>ഗവൺമെന്റ് ചിൽഡ്രൻസ് ഹോം പ്രവർത്തിക്കുന്നത് വിശാലമായ വളപ്പിലാണെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത സ്ഥലസൗകര്യം പച്ചക്കറി കൃഷിക്കും മറ്റു കൃഷികൾക്കും ഉപയോഗിക്കാൻ കഴിയുമെന്ന് സമിതി കരുതുന്നു. ആയതിനാൽ കൃഷി വകുപ്പുമായി ചേർന്ന് ചിൽഡ്രൻസ് ഹോമിന്റെ വളപ്പ് ജൈവ പച്ചക്കറി കൃഷിക്കും മറ്റു കാർഷിക വിളകളുടെ ഉല്പാദനത്തിനും ഉപയോഗിക്കുന്നതി നാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഒരു പുത്തൻ കാർഷിക സംസ്കാരം ഭാവി തലമുറയിൽ വളർത്തിയെടുക്കുവാനും വിഷരഹിത കൃഷിയുടെ പ്രാധാന്യം കുട്ടികളെ ബോദ്ധ്യപ്പെടുത്തുന്നതിനും ഉതകും വിധത്തിൽ കുട്ടികളെ കൃഷി രീതികൾ പരിചയപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു. | **<u>കൃഷി(പി ബി ) വകുപ്പ്<br>(05.01.2023-ലെ അഗ്രി-<br>പി ബി1/210/2019-അഗ്രി നമ്പർ കത്ത് മുഖേന ലഭിച്ചത്)</u>**<br>ഒരു പുത്തൻ കാർഷിക സംസ്കാരം ഭാവിതലമുറയിൽ വളർത്തിയെടുക്കുവാനും വിഷരഹിത കൃഷിയുടെ പ്രാധാന്യം കുട്ടികളെ ബോധ്യപ്പെടുത്തുവാനും ഉതകും വിധത്തിൽ കുട്ടികളെ കൃഷി രീതിയുടെ പ്രാധാന്യം പരിചയപ്പെടുത്തണമെന്ന ലക്ഷ്യത്തോടെ കൃഷി വകുപ്പ് പച്ചക്കറി വികസന പദ്ധതി പ്രകാരം "Project Based Cultivation" എന്ന ഘടകത്തിൽ ഉൾപ്പെടുത്തി കോഴിക്കോട് ജില്ലയിലെ വെള്ളിമാട്കുന്ന് ജുവനൈൽ ഹോം വളപ്പിൽ സ്ഥിതി ചെയ്യുന്ന ആൺകുട്ടികൾക്കുള്ള പുനരധിവാസ കേന്ദ്രം, ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമുള്ള സർക്കാർ നിരീക്ഷണ കേന്ദ്രം, പെൺകുട്ടികളുടെ ചിൽഡ്രൻസ് ഹോം, എന്നീ സ്ഥാപനങ്ങളിൽ 2019 മുതൽ 2022 വരെ ജൈവ പച്ചക്കറി കൃഷി ചെയ്യുന്നതിന് പ്രോത്സാഹനം നൽകിയിട്ടുണ്ട്.<br>2019-20 സാമ്പത്തിക വർഷം ആൺകുട്ടി കൾക്കുള്ള പുനരധിവാസ കേന്ദ്രത്തിലെ അന്തേവാസികളായ കുട്ടികളുടെ മാനസി കോല്ലാസത്തിനും കാർഷിക സംസ്കാരം |

| | | | |
|---|---|---|---|
| | | | വളർത്തിയെടുക്കുന്നതിനും വേണ്ടി 25 ആൺകുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് പച്ചക്കറി വികസന പദ്ധതിയ്ക്ക് കീഴിലെ Project Based Cultivation എന്ന ഘടകത്തിൽ ഉൾപ്പെടുത്തി 25200 രൂപ ചെലവഴിച്ച് 100 ഗ്രോ ബാഗിൽ പച്ചക്കറി കൃഷി ചെയ്യുകയും കാർഷിക മേഖലയിലെ നൂതന വിദ്യകൾ കുട്ടികൾക്ക് മനസിലാക്കുന്ന തിനുവേണ്ടിയും വർദ്ധിച്ചുവരുന്ന ജലദൗർലഭ്യം കുറയ്ക്കുന്നതിനുവേണ്ടിയും ഗ്രോ ബാഗുകളിൽ തുള്ളിനന ജലസേചന സംവിധാനം ഏർപ്പെടുത്തി പദ്ധതി നടപ്പിലാക്കുകയുണ്ടായി.<br><br>2021-22 സാമ്പത്തിക വർഷം ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമുള്ള സർക്കാർ നിരീക്ഷണ കേന്ദ്രത്തിലെ അന്തേവാസികളായ മുപ്പതോളം പെൺകുട്ടി കളെയും ആൺകുട്ടികളെയും പങ്കെടുപ്പിച്ച് ദീർഘകാല പച്ചക്കറികളായ മുരിങ്ങ, പപ്പായ, കറിവേപ്പില എന്നിവയും കൂടാതെ തക്കാളി, മുളക്, ചീര, വഴുതന, വെണ്ട എന്നിവ ഗ്രോബാഗുകളിലും കൂടാതെ നിരീക്ഷണ കേന്ദ്രത്തിന്റെ കോമ്പൗണ്ടിൽ വാഴയും കൃഷി ചെയ്യുകയുണ്ടായി. ഇതിനായി പച്ചക്കറി വികസന പദ്ധതിയ്ക്ക് കീഴിലെ Project Based Cultivation എന്ന ഘടകത്തിൽ 24,275 രൂപ പദ്ധതി ധനസഹായമായി നൽകി.<br><br>കൂടാതെ 2021-22 സാമ്പത്തിക വർഷത്തിൽ തന്നെ പച്ചക്കറി വികസന പദ്ധതിയ്ക്ക് കീഴിലെ Project Based Cultivation എന്ന ഘടകത്തിൽ 33125 രൂപ ചെലവഴിച്ച് പെൺകുട്ടികളുടെ ചിൽഡ്രൻസ് ഹോമിലെ 30 കുട്ടികളെ പങ്കെടുപ്പിച്ച് ആറ് ഇനം പച്ചക്കറികൾ ഗ്രോബാഗിൽ കൃഷി |

| | | | |
|---|---|---|---|
| | | | ചെയ്യുകയും അവയ്ക്ക് തുള്ളിനന ജലസേചന സംവിധാനം ഏർപ്പെടുത്തുകയും ചെയ്തു. കൂടാതെ ദീർഘകാല പച്ചക്കറികളായ മുരിങ്ങ, പപ്പായ, കറിവേപ്പില, പാഷൻഫ്രൂട്ട് എന്നിവയും ചിൽഡ്രൻസ് ഹോം വളപ്പിൽ കുട്ടികളെ കൊണ്ട് നട്ട് പരിപാലിക്കുകയുണ്ടായി. അപ്രകാരം തുടർച്ചയായി വെള്ളിമാട്കുന്ന് ജുവനൈൽ ഹോം വളപ്പിൽ സുരക്ഷിത പച്ചക്കറി കൃഷി ചെയ്തതിന്റെ അടിസ്ഥാനത്തിൽ അവിടുത്തെ അന്തേവാസികളായ കുട്ടികളിൽ പുത്തൻ കാർഷിക സംസ്കാരവും, സുരക്ഷിത ഭക്ഷണത്തിൽ സ്വയം പര്യാപ്തതയും നേടുന്നതിനുള്ള അറിവ് പകർന്നു നൽകുന്നതിന് സാധിച്ചിട്ടുണ്ട്.<br><br>കോഴിക്കോട് ഗവൺമെന്റ് ചിൽഡ്രൻസ് ഹോം വളപ്പിൽ 2019-20 മുതൽ മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡവലപ്പ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രോ ബാഗിൽ പച്ചക്കറി കൃഷിയും വിവിധ തരം ഫലവൃക്ഷങ്ങളുടെ കൃഷിയും നടത്തുന്നു. ചാമ്പ, പേര, പപ്പായ, ചെറുനാരങ്ങ, വാഴ, പ്ലാവ്, പാഷൻ ഫ്രൂട്ട്, മുരിങ്ങ മുതലായ വിളകളാണ് ടി സ്ഥാപനത്തിന്റെ വളപ്പിൽ കൃഷി ചെയ്തുവരുന്നത്. പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി കൃഷിയുടെ പ്രാധാന്യത്തെ കുറിച്ചുള്ള ബോധവത്ക്കരണ പരിപാടികളും സംഘടിപ്പിച്ചിരുന്നു.<br><br>ഇതിനു പുറമേ 2022-23-ലെ എം.ഐ.ഡി.എച്ച്. വാർഷിക പദ്ധതിയിലുൾപ്പെടുത്തി വിവിധ വിളകളുടെ വിസ്തൃതി വ്യാപനം, ജൈവവള ഉത്പാദനം, വിവിധ കാർഷികോപകരണങ്ങളുടെ വിതരണം, കൃഷിരീതികൾ പരിചയപ്പെടുത്തുന്ന |

| | | | |
|---|---|---|---|
| | | | തിനുള്ള പരിശീലന പരിപാടികൾ എന്നിവ ജില്ലാ ഹോർട്ടികൾച്ചർ മിഷന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന തിനുള്ള നടപടികളും സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു.<br>(25.09.2023-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)<br>**വനിതാ ശിശുവികസന (സി) വകുപ്പ് (10.07.2023-ലെ WCD-C3/321/2022/WCD നമ്പർ കത്ത് മുഖേന ലഭിച്ചത്)**<br>ജെ.ജെ. സ്ഥാപനങ്ങളിൽ പച്ചക്കറികളും ഫലവൃക്ഷതൈകളും ലഭ്യമാക്കുന്നതിന് അഗ്രിക്കൾച്ചർ ഡിപ്പാർട്ട്മെന്റുമായി ബന്ധപ്പെടുകയും ആയത് ജെ.ജെ സ്ഥാപനങ്ങളിൽ നട്ട് പിടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കോഴിക്കോട് ഗവൺമെന്റ് ഗേൾസ് ഹോമിലും ബോയ്സ് ഹോമിലും വിവിധ പച്ചക്കറി തൈകൾ/ ഫലവൃക്ഷ തൈകൾ നട്ട് പിടിപ്പിച്ചിട്ടുണ്ട്.<br>(25.09.2023-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.) |
| 17 | 31 | പഠനം മുടങ്ങിപ്പോയ കുട്ടികൾക്ക് വിവിധ തൊഴിലധിഷ്ഠിത കോഴ്സുകൾ ചെയ്യുന്നതിനാവശ്യമായ സൗകര്യങ്ങൾ സാമൂഹ്യനീതി വകുപ്പ് നൽകുന്നതായി സമിതി മനസ്സിലാക്കുന്നു. ഇങ്ങനെ തൊഴിലധിഷ്ഠിത കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കിയ ചിൽഡ്രൻസ് ഹോമിലെ അന്തേവാസികൾക്ക് തൊഴിലവസരങ്ങൾ ഒരുക്കിക്കൊടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **വനിതാ ശിശുവികസന (സി) വകുപ്പ് (10.07.2023-ലെ WCD-C3/321/2022/WCD നമ്പർ കത്ത് മുഖേന ലഭിച്ചത്)**<br>വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന എല്ലാ ഗവൺമെന്റ് ചിൽഡ്രൻസ് ഹോമുകളിലെയും ആഫ്റ്റർ കെയർ ഹോമുകളിലെയും കുട്ടികൾക്ക് എച്ച് എൽ എഫ് പി പി ടി യുമായി സഹകരിച്ച് വകുപ്പ് ആഫ്റ്റർ കെയർ പ്രോഗ്രാമിന്റെ ഭാഗമായി വിവിധ തൊഴിൽ പരിശീലനങ്ങൾ നൽകി വരുന്നു. സ്ഥാപനത്തിൽ നിന്നും പുറത്തുപോകുന്ന എല്ലാ കുട്ടികൾക്കും അവരുടെ താൽപര്യത്തിനനുസരിച്ച് തൊഴിൽ പരിശീലനം നൽകി, സ്വയം പ്രാപ്തരാക്കുക എന്നതാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. 2021-22 സാമ്പത്തിക വർഷം 22 കുട്ടികൾക്ക് വിവിധ മേഖലകളിൽ ജോലി ലഭ്യമായിട്ടുണ്ട്.<br>(25.09.2023-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു. |

| | | | |
|---|---|---|---|
| 18 | 33 | **ഗവൺമെന്റ് മഹിളാ മന്ദിരം, കോഴിക്കോട്**<br>സി-സ്റ്റെഡിന്റെ (ദി സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി എന്റർപ്രന്യുവർഷിപ്പ് ഡെവലപ്മെന്റ്) ആഭിമുഖ്യത്തിൽ സ്ഥാപനത്തിൽ പ്രവർത്തിച്ച വരുന്ന സോപ്പ് ആന്റ് ഡിറ്റർജന്റ് യൂണിറ്റ്, ഒരുമ സ്റ്റേഷനറി യൂണിറ്റ്, ഖാദി ബോർഡിന്റെ കീഴിലുള്ള ചർക്ക യൂണിറ്റ് എന്നിവ സമിതി സന്ദർശിച്ച. സ്ഥാപനത്തിൽ പുറത്തു പോയി ജോലി ചെയ്യുന്നവരും പഠിക്കുന്നവരുമുണ്ടെന്നും റീഹാബി ലിറ്റേഷന്റെ ഭാഗമായി അന്തേവാസികളുടെ വിവാഹം നടത്തിക്കൊടുക്കുന്നതായും സമിതി മനസ്സിലാക്കി. താമസക്കാരുടെ സംരക്ഷണത്തിനാവശ്യമായ ഫണ്ട് യഥാസമയം സാമൂഹ്യനീതി വകുപ്പിൽ നിന്നും ലഭിക്കുന്നുണ്ടെന്നും സ്ഥാപനത്തിലെ അന്തേവാസികൾ പൊതുവെ സംതൃപ്തരാണെന്നും സമിതി വിലയിരുത്തി. എന്നാൽ അന്തേവാസികൾക്ക് ഭക്ഷണം പാകം ചെയ്ത നൽകുന്ന കുക്കിന്റെ തസ്തിക ഒഴിഞ്ഞു കിടക്കുകയാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മഹിളാമന്ദിരത്തിലെ കുക്കിന്റെ ഒഴിവ് എത്രയും വേഗം നികത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **സാമൂഹ്യനീതി (ബി) വകുപ്പ് (24.06.2020-ലെ സാ.നീ.വ-ബി3/379/2019/സാ.നീ.വ നമ്പർ കത്ത് മുഖേന ലഭിച്ചത്.)**<br><br>വനിത ശിശു വികസന വകുപ്പിലെ മഹിളാ മന്ദിരങ്ങളിൽ കുക്ക് തസ്തിക നിലവിലില്ലെന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു.<br>(06.11.2020-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)<br><br>**വനിതാ ശിശുവികസന (ബി) വകുപ്പ് (30.05.2022-ലെ വശിവിവ ബി3/21/2022/വശിവിവ നമ്പർ കത്ത് മുഖേന ലഭിച്ചത്.)**<br><br>വനിതാ ശിശുവികസന വകുപ്പിലെ മഹിളാ മന്ദിരങ്ങളിൽ കുക്ക് തസ്തിക നിലവിലില്ലാത്തതിനാൽ സ്ഥാപനത്തിൽ കുക്ക് തസ്തിക സൃഷ്ടിക്കുന്നതിന് സർക്കാരിൽ പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടെങ്കിലും സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ പരിഗണിക്കാൻ നിർവ്വാഹമില്ല.<br>(20.10.2022-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.) |
| 19 | 34 | ലൈംഗിക അതിക്രമങ്ങൾ അതിജീവിച്ച 12 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് സുരക്ഷിത താമസം ഉറപ്പാക്കുന്നതിനായി തിരുവനന്തപുരം ജില്ല കേന്ദ്രീകരിച്ച് SOS മോഡൽ ഷെൽട്ടർ ഹോം ആരംഭിച്ചതായും പ്രസ്തുത ഷെൽട്ടറിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ എന്നിവിടങ്ങളിൽ നിന്നുള്ളവരെ പാർപ്പിക്കുവാനാണ് ലക്ഷ്യമിടുന്നതെന്നും സമിതി മനസ്സിലാക്കുന്നു. കേരളത്തിലെ വടക്കൻ ജില്ലകളിലെ കുട്ടികൾക്കും ഇത്തരമൊരു സൗകര്യം ലഭ്യമാക്കേണ്ടതുണ്ട് എന്ന് സമിതി | **സാമൂഹ്യനീതി (ബി) വകുപ്പ് (24.06.2020-ലെ സാ.നീ.വ-ബി3/379/2019/സാ.നീ.വ നമ്പർ കത്ത് മുഖേന ലഭിച്ചത്.)**<br><br>കോഴിക്കോട് വെള്ളിമാട്കുന്ന് ഇൻസ്റ്റിറ്റ്യൂഷൻ കോംപ്ലക്സിനകത്ത് എസ്.ഒ.എസ് മോഡൽ ഷെൽട്ടർ ഹോമിനായി കെട്ടിടം കണ്ടെത്തിയിരുന്നു. എന്നാൽ ടി കെട്ടിടത്തിൽ പ്രവർത്തിച്ച വരുന്ന ചൈൽഡ് വെൽഫെയർ കമ്മിറ്റിക്ക് നിലവിലുള്ള കെട്ടിടത്തിൽ നിന്ന് മാറി പ്രവർത്തിക്കുന്നതിന് അസൗകര്യം അറിയിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ |

<table>
<tr>
<td></td>
<td></td>
<td>നിരീക്ഷിക്കുന്നു. അതിനാൽ കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, വയനാട് എന്നീ ജില്ലകളിലെ ലൈംഗിക അതിക്രമങ്ങൾ അതിജീവിച്ച 12 വയസ്സിന് താഴെയുള്ള കുട്ടികൾക്കായി കോഴിക്കോട് ജില്ലയിൽ SOS മോഡൽ ഷെൽട്ടർ ഹോം സ്ഥാപിക്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു</td>
<td>അടിയന്തരമായി ജില്ലയിൽ സൗകര്യപ്രദമായ സ്ഥലത്ത് ഷെൽട്ടർ ഹോമിന് കെട്ടിടം കണ്ടെത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.<br>(06.11.2020-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)<br><br><u>വനിതാ ശിശുവികസന (ബി) വകുപ്പ് (30.05.2022-ലെ വശിവിവ ബി3/21/2022/വശിവിവ നമ്പർ കത്ത് മുഖേന ലഭിച്ചത്.)</u><br>കോഴിക്കോട് ജില്ലയിലേയ്ക്ക് അനുവദിച്ചിരുന്ന എസ്.ഒ.എസ്. മോഡൽ ഹോം പാലക്കാട് ജില്ലയിലേയ്ക്ക് മാറ്റുകയും ഹോം പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.<br>(20.10.2022-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)<br><u>വനിതാ ശിശുവികസന (സി) വകുപ്പ് (10.07.2023-ലെ WCD-C3/321/2022/WCD നമ്പർ കത്ത് മുഖേന ലഭിച്ചത്.)</u><br>കോഴിക്കോട് ജില്ലയിലേയ്ക്ക് അനുവദിച്ചിരുന്ന എസ്.ഒ.എസ് മോഡൽ ഹോം പാലക്കാട് ജില്ലയിലേയ്ക്ക് മാറ്റുകയും ഹോം പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.<br>(25.09.2023-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)</td>
</tr>
<tr>
<td>20</td>
<td>35</td>
<td>ക്രൂരമായ ശാരീരിക മാനസിക പീഡനങ്ങൾ അതിജീവിച്ചു വരുന്ന സ്ത്രീകളും കുട്ടികളും വളരെയധികം മാനസിക സംഘർഷങ്ങളിൽ കൂടിയാണ് കടന്നുപോകുന്നത്. അവർക്ക് അടിയന്തര സുരക്ഷിത താവളം ഒരുക്കുന്നത് കൂടാതെ വൈദ്യസഹായം, പോലീസ് പരിരക്ഷ, നിയമസഹായം കൗൺസിലിംഗ് എന്നിവയെല്ലാം യഥാസമയം നൽകേണ്ടതുണ്ട്. മേൽപ്പറഞ്ഞ സഹായങ്ങൾ ലഭ്യമാക്കുന്നതിനായി പരിക്ഷീണരായ അവരെ പല കേന്ദ്രങ്ങളിലും സ്ഥാപനങ്ങളിലും കൊണ്ടുപോകുന്നത് അപ്രായോഗികമാണെന്ന് മാത്രമല്ല, ആശാസ്യവുമല്ല. തങ്ങൾക്കെതിരെയുള്ള</td>
<td><u>സാമൂഹ്യനീതി (ബി) വകുപ്പ് (24.06.2020-ലെ സാ.നീ.വ-ബി3/379/2019/സാ.നീ.വ നമ്പർ കത്ത് മുഖേന ലഭിച്ചത്.)</u><br>സംസ്ഥാനത്ത് നിലവിൽ എല്ലാ ജില്ലകളിലും വൺസ്റ്റോപ്പ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.
<table>
<tr><th>ക്രമ നം.</th><th>ജില്ല</th><th>OSC ആരംഭിച്ച തീയതി</th><th>ഇപ്പോൾ പ്രവർത്തിക്കുന്ന സ്ഥലം</th><th>സ്ഥിരം സംവിധാനം</th></tr>
<tr><td>1.</td><td>തിരുവനന്തപുരം</td><td>11/08/2017</td><td>കടകംപള്ളി പി.എച്ച്.സി.</td><td>പേരൂർക്കട ഗവൺമെന്റ് മോഡൽ ആശുപത്രിയിൽ 10</td></tr>
</table>
</td>
</tr>
</table>

| | | |
|---|---|---|
| | | അതിക്രമങ്ങൾ അതിജീവിച്ച സ്ത്രീകൾക്കും കുട്ടികൾക്കും എമർജൻസി ഷോർട്ട് സ്റ്റേ ഹോം, വൈദ്യസഹായം, കൗൺസിലിംഗ്, പോലീസ് സഹായം, വീഡിയോ കോൺഫറൻസിംഗിനുള്ള സൗകര്യം, നിയമസഹായം എന്നീ സേവനങ്ങൾ ഒരു കുടക്കീഴിൽ ഉറപ്പുവരുത്തി 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ് 'സഖി വൺ സ്റ്റോപ്പ് സെന്റർ' എന്ന് സമിതി മനസ്സിലാക്കുന്നു. എന്നാൽ പ്രസ്തുത സെന്റർ തിരുവനന്തപുരം ഉൾപ്പെടെയുള്ള ചില ജില്ലകളിൽ മാത്രമാണ് പ്രവർത്തന സജ്ജമായിട്ടുള്ളത് എന്ന് ഉദ്യോഗസ്ഥരുമായുള്ള ചർച്ചാവേളയിൽ സമിതിക്ക് മനസ്സിലാക്കുവാൻ കഴിഞ്ഞു. ആയതിനാൽ തങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ അതിജീവിച്ച് എത്തുന്ന സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷിത അഭയം ഉൾപ്പെടെ ആവശ്യമായ സഹായങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന **'സഖി വൺ സ്റ്റോപ്പ് സെന്റർ'** എല്ലാ ജില്ലകളിലും സ്ഥാപിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |

| | | | | |
|---|---|---|---|---|
| | | | | സെന്റ് സ്ഥലം ലഭ്യമാകുന്നതിനുള്ള നടപടി |
| 2. | കൊല്ലം | 01/10/2019 | നെടുങ്ങോലം താലൂക്ക് ആശുപത്രി | നെടുങ്ങോലം താലൂക്ക് ആശുപത്രി |
| 3. | ആലപ്പുഴ | 18/09/2019 | ചേർത്തല താലൂക്ക് ആശുപത്രി | ചേർത്തല താലൂക്ക് ആശുപത്രി |
| 4. | പത്തനംതിട്ട | 18/09/2019 | കോഴഞ്ചേരിയിലുള്ള ഗവൺമെന്റ് മഹിളാമന്ദിരത്തിൽ പ്രവർത്തിക്കുന്നു | ഇലന്തൂർ ബ്ലോക്കിൽ 10 സെന്റ് സ്ഥലം ലഭ്യമായിട്ടുണ്ട്. ഇതിലുള്ള ഒരു പഴയ ബാലവാടി കെട്ടിടം പൊളിച്ചു മാറ്റുന്നതിന് PWD എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| 5. | കോട്ടയം | 05/10/2019 | കുമരകം പഞ്ചായത്തിന്റെ പഴയ കെട്ടിടത്തിൽ പ്രവർത്തിക്കുന്നു | ഏറ്റുമാനൂർ വില്ലേജിൽ റവന്യൂ ലാന്റ് കിട്ടിയിട്ടുണ്ട്. ഭൂമി കൈമാറ്റ നടപടികൾ സ്വീകരിച്ചു വരുന്നു. |
| 6. | ഇടുക്കി | 30/10/2019 | പൈനാവിൽ PWD ബിൽഡിംഗിന്റെ ഒരു ഭാഗം മെയിന്റനൻസ് നടത്തി OSC പ്രവർത്തിക്കുന്നു | പൈനാവ് പഴയ PWD ക്വാർട്ടേഴ്സ് പുനർനിർമ്മിച്ച് OSC പ്രവർത്തിപ്പിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി നൽകാൻ PWD എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | 7. | എറണാകുളം | 30/10/2019 | കാക്കനാട് തൃക്കാക്കര NGO ക്വാർട്ടേഴ്സിൽ ADM-ന്റെ ക്വാർട്ടേഴ്സിൽ പ്രവർത്തിക്കുന്നു | കാക്കനാട്ടുള്ള പഴയ ഒബ്സർവേഷൻ ഹോം ബിൽഡിംഗ് OSC-യ്ക്കുവേണ്ടി പുനർനിർമ്മിച്ച് വരുന്നു |
| | | | 8. | തൃശ്ശൂർ | 04/08/2018 | ഇരിങ്ങാലക്കുട താലൂക്ക് ആശുപത്രി | ഇരിങ്ങാലക്കുട താലൂക്ക് ആശുപത്രി |
| | | | 9. | പാലക്കാട് | 01/11/2019 | പാലക്കാട് ഗവൺമെന്റ് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലുള്ള ഭൂമിക സെന്ററിനോട് ചേർന്ന് പ്രവർത്തിക്കുന്നു. | പാലക്കാട് ഗവൺമെന്റ് മെഡിക്കൽ കോളേജിൽ കെട്ടിട നിർമ്മാണത്തിന് സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| | | | 10. | മലപ്പുറം | 08/03/2018 | പെരിന്തൽമണ്ണ തഹസീൽദാർ ക്വാർട്ടേഴ്സിൽ പ്രവർത്തിക്കുന്നു | മനഴി ബസ്സ് സ്റ്റാന്റിനു സമീപം 20 സെന്റ് ഭൂമി ജില്ലാ പഞ്ചായത്ത് നൽകാമെന്ന് സമ്മതിച്ചിട്ടുണ്ട്. ഭൂമി കൈമാറ്റത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| | | | 11. | കോഴിക്കോട് | 01/08/2019 | വെള്ളിമാട്കുന്ന് ഡിസ്പെൻസറി | വെള്ളിമാട് കുന്നിൽ മുമ്പ് റിജീയണൽ കോമ്പസിറ്റ് സെന്ററിന്റെ ട്രെയിനിംഗ് വിഭാഗം പ്രവർത്തിച്ചിരുന്ന കെട്ടിടം പുതുക്കിപ്പണിത് OSC പ്രവർത്തിപ്പിക്കുന്നതിന് നിർമ്മിതി |

| | | | | |
|---|---|---|---|---|
| | | | | കേന്ദ്രം സമർപ്പിച്ച 24,00,000/- രൂപയുടെ എസ്റ്റിമേറ്റ് കളക്ടറുടെ പരിഗണനയിലാണ് |
| 12. | വയനാട് | 14/11/2018 | കൽപ്പറ്റ ജനറൽ ആശുപത്രി | കൽപ്പറ്റ ജനറൽ ആശുപത്രിയിൽ പ്രവർത്തിക്കുന്നു. |
| 13. | കണ്ണൂർ | 03/02/2018 | കൂത്തുപറമ്പ് താലൂക്ക് ആശുപത്രി | കൂത്തുപറമ്പ് താലൂക്ക് ആശുപത്രി |
| 14. | കാസർഗോഡ് | 31/10/2019 | ഫാമിലി വെൽഫെയർ സെന്റർ, ചെങ്കള ഗ്രാമപഞ്ചായത്ത് | അണങ്കൂർ 25 സെന്റ് റവന്യൂ ഭൂമി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. പ്ലാനും സ്കെച്ചും തയ്യാറാക്കി കളക്ടർക്ക് നൽകിയിട്ടുണ്ട്. |

(06.11.2020-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)

**<u>സാമൂഹ്യനീതി (ബി) വകുപ്പ് (24.12.2020-ലെ സാ.നീ.വ-ബി3/379/2019/സാ.നീ.വ നമ്പർ കത്ത് മുഖേന ലഭിച്ചത്.)</u>**

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ സ്വകാര്യ/പൊതുഇടങ്ങളിലും കുടുംബത്തിലും സമൂഹത്തിലും ജോലിസ്ഥലത്തും വർദ്ധിച്ചു വരുന്ന അതിക്രമങ്ങൾ തടയുന്നതിനും അതിക്രമങ്ങൾ അതിജീവിച്ചവർക്ക് ആവശ്യമായ കൗൺസിലിംഗ്, വൈദ്യ സഹായം, പോലീസിന്റെ സഹായം, നിയമസഹായം, സുരക്ഷിത ഹ്രസ്വ അഭയം, വീഡിയോ കോൺഫറൻസിംഗ് എന്നീ സേവനങ്ങൾ ഒരു കുടക്കീഴിൽ ഉറപ്പുവരുത്തി

| | | | |
|---|---|---|---|
| | | | ആവർത്തിച്ച് ഇരയാക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിന് വേണ്ടി 24 മണിക്കൂറും പ്രവർത്തിക്കുന്ന സംവിധാനമാണ് സഖി വൺ സ്റ്റോപ്പ് സെന്റർ. കേരളത്തിൽ 14 ജില്ലകളിലും വൺ സ്റ്റോപ്പ് സെൻറർ പ്രവർത്തിക്കുന്നുണ്ട്.<br>ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.<br>**(അനുബന്ധം - II)**<br><br>കേന്ദ്ര സർക്കാറിന്റെ 100% ധനസഹായത്തോടെ വനിതശിശുവികസന വകുപ്പിലെ സ്റ്റേറ്റ് നിർഭയ സെൽ നോഡൽ ഏജൻസിയായി ജില്ലാ കളക്ടർ അധ്യക്ഷനായ ടാസ്ക് ഫോഴ്സ് കമ്മിറ്റിയുടെ നേതൃത്വത്തിലാണ് സ്കീം നടപ്പിലാക്കുന്നത്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, തൃശ്ശൂർ, പാലക്കാട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ വൺ സ്റ്റോപ്പ് സെന്ററുകൾ സർക്കാർ ആശുപത്രി വളപ്പിലും മറ്റുള്ളവ താൽക്കാലിക കെട്ടിടങ്ങളിലും പ്രവർത്തിച്ചുവരുന്നു. പത്തനംതിട്ട, ഇടുക്കി, എറണാകുളം, കോഴിക്കോട് ജില്ലകളിൽ സ്ഥിരം സംവിധാനം ഒരുക്കുന്നതിന് സ്ഥലം ലഭ്യമായിട്ടുണ്ട്. എറണാകുളം (നവീകരണം), കോഴിക്കോട് ജില്ലകളിൽ കെട്ടിട നിർമ്മാണം ഇതിനകം ആരംഭിച്ചിട്ടുണ്ട്.<br>ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.<br>**(അനുബന്ധം - III)**<br>2020 സെപ്റ്റംബർ വരെ 4027 കേസുകളാണ് വൺ സ്റ്റോപ്പ് സെന്ററുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്.(ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു **അനുബന്ധം - IV**) സ്ത്രീകൾ നേരിടുന്ന ലൈംഗിക അതിക്രമം, ലൈംഗിക പീഡനം, ഗാർഹികാതിക്രമം, കടത്തിക്കൊണ്ടു പോകൽ, അന്തസ്സിനെ ഹനിക്കുന്ന തരത്തിലുള്ള കുറ്റകൃത്യങ്ങൾ, ആസിഡ് ആക്രമണം, മന്ത്രവാദ അതിക്രമം മുതലായ എല്ലാത്തരം അതിക്രമങ്ങളും വൺ സ്റ്റോപ്പ് സെന്ററിലേക്ക് റഫർ ചെയ്യാവുന്നതും ഇതിനുവേണ്ടി 24 മണിക്കൂറും വൺ സ്റ്റോപ്പ് സെന്ററിൽ പ്രത്യേക സേവനങ്ങൾ ലഭ്യമാക്കുന്നതുമാണ്.<br>(09.09.2021 -ലെ സമിതി യോഗം പരിഗണിച്ചു. അധിക വിവരം ആരാഞ്ഞു) |

<table>
<tr>
<td></td>
<td></td>
<td>
09.09.2021-ൽ സമിതി ആവശ്യപ്പെട്ട അധിക വിവരം<br><br>
കേരളത്തിൽ പ്രവർത്തിക്കുന്ന സഖി വൺ സ്റ്റോപ്പ് സെന്ററുകളുടെ പ്രവർത്തനം സംബന്ധിച്ച് ജില്ലാ അടിസ്ഥാനത്തിലുള്ള വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ സാമൂഹ്യനീതി വകുപ്പിനോട് ആവശ്യപ്പെട്ടു.
</td>
<td>
<u>വനിതാ ശിശുവികസന (ബി) വകുപ്പ് (30.05.2022-ലെ വശിവിവ ബി3/21/2022/വശിവിവ നമ്പർ കത്ത് മുഖേന ലഭിച്ചത്.)</u><br>
സംസ്ഥാനത്ത് നിലവിൽ എല്ലാ ജില്ലകളിലും വൺസ്റ്റോപ്പ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു..
<table>
<tr><th>ക്രമ നം.</th><th>ജില്ല</th><th>OSC ആരംഭിച്ച തീയതി</th><th>ഇപ്പോൾ പ്രവർത്തിക്കുന്ന സ്ഥലം</th><th>സ്ഥിരം സംവിധാനം</th></tr>
<tr><td>1.</td><td>തിരുവനന്തപുരം</td><td>11/08/2017</td><td>കടകംപള്ളി പി.എച്ച്.സി.</td><td>പേരൂർക്കട ഗവൺമെന്റ് മോഡൽ ആശുപത്രിയിൽ 10 സെന്റ് സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.</td></tr>
<tr><td>2.</td><td>കൊല്ലം</td><td>01/10/2019</td><td>നെടുങ്ങോലം താലൂക്ക് ആശുപത്രി</td><td>നെടുങ്ങോലം താലൂക്ക് ആശുപത്രിയിൽ പ്രവർത്തിക്കുന്നു.</td></tr>
<tr><td>3.</td><td>ആലപ്പുഴ</td><td>18/09/2019</td><td>ആലപ്പുഴ ജില്ലാ പഞ്ചായത്ത് ജെൻഡർ പാർക്ക്.</td><td>സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.</td></tr>
<tr><td>4.</td><td>പത്തനംതിട്ട</td><td>18/09/2019</td><td>കോഴഞ്ചേരിയിലുള്ള ഗവൺമെന്റ് മഹിളാമന്ദിരത്തിൽ പ്രവർത്തിക്കുന്നു</td><td>ഇലന്തൂർ ബ്ലോക്കിൽ 10 സെന്റ് സ്ഥലം ലഭ്യമായിട്ടുണ്ട്. ഇതിലുള്ള പഴയ കെട്ടിടം പൊളിച്ചു മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട് .കെട്ടിട നിർമ്മാണത്തിനാവശ്യമായ 30,34,686/- രൂപ PWD യ്ക്ക് കൈമാറിയിട്ടുണ്ട്.</td></tr>
<tr><td>5.</td><td>കോട്ടയം</td><td>05/10/2019</td><td>കുമരകം പഞ്ചായത്തിന്റെ പഴയ കെട്ടിടത്തിൽ പ്രവർത്തിക്കുന്നു</td><td>ഏറ്റുമാനൂർ വില്ലേജിൽ റവന്യൂ ലാന്റ് കിട്ടിയിട്ടുണ്ട്. ഭൂമി കൈമാറ്റ നടപടികൾ സ്വീകരിച്ചു വരുന്നു.</td></tr>
</table>
</td>
</tr>
</table>

| | | | | | | | |
|---|---|---|---|---|---|---|---|
| | | | 6. | ഇടുക്കി | 30/10/2019 | പൈനാവിൽ PWD ബിൽഡിംഗിന്റെ ഒരു ഭാഗം മെയിന്റനൻസ് നടത്തി OSC പ്രവർത്തിക്കുന്നു | മെഡിക്കൽ കോളേജിനടുത്ത് ആയുർവേദ ആശുപത്രിയോടു ചേർന്ന 10 സെന്റ് സ്ഥലം ജില്ലാ പഞ്ചായത്ത്കൈമാറിയിട്ടുണ്ട്. |
| | | | 7. | എറണാകുളം | 30/10/2019 | കാക്കനാട് പഴയ ഒബ്സർവേഷൻ ഹോം കെട്ടിടം മെയിന്റനൻസ് നടത്തി OSC പ്രവർത്തിക്കുന്നു | കാക്കനാട് പഴയ ഒബ്സർവേഷൻ ഹോം കെട്ടിടംമെയിന്റനൻസ് നടത്തി OSC പ്രവർത്തിക്കുന്നു |
| | | | 8. | തൃശ്ശൂർ | 04/08/2018 | ഇരിങ്ങാലക്കുട താലൂക്ക് ആശുപത്രി | ഇരിങ്ങാലക്കുട താലൂക്ക് ആശുപത്രിയിൽപ്രവർത്തിക്കുന്നു |
| | | | 9. | പാലക്കാട് | 01/11/2019 | പാലക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലുള്ള ഭൂമിക സെന്ററിനോട് ചേർന്ന് പ്രവർത്തിക്കുന്നു. | പാലക്കാട് ഗവൺമെന്റ് മെഡിക്കൽ കോളേജിൽ കെട്ടിട നിർമ്മാണത്തിന് സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| | | | 10. | മലപ്പുറം | 08/03/2018 | പെരിന്തൽമണ്ണ തഹസീൽദാർ ക്വാർട്ടേഴ്സിൽ പ്രവർത്തിക്കു | മനഴി ബസ്സ് സ്റ്റാന്റിനു സമീപം 20 സെന്റ് ഭൂമി ജില്ലാ പഞ്ചായത്ത് നൽകാമെന്ന് സമ്മതിച്ചിട്ടുണ്ട്. ഭൂമി കൈമാറ്റത്തിനുള്ള നടപടികൾ |

<table>
<tr>
<td></td>
<td></td>
<td></td>
<td>
<table>
<tr><td></td><td></td><td></td><td>ന്നു</td><td>സ്വീകരിച്ചു വരുന്നു.</td></tr>
<tr><td>11.</td><td>കോഴിക്കോട്</td><td>01/08/2019</td><td>വെള്ളിമാട്കുന്ന് ഡിസ്പെൻസറി</td><td>വെള്ളിമാട് കുന്നിൽ SJD കോംപ്ലക്സിൽ കെട്ടിടം പണി അന്തിമ ഘട്ടത്തിലാണ്.</td></tr>
<tr><td>12.</td><td>വയനാട്</td><td>14/11/2018</td><td>കൽപ്പറ്റ ജനറൽ ആശുപത്രി</td><td>കൽപ്പറ്റ ജനറൽ ആശുപത്രിയിൽ പ്രവർത്തിക്കുന്നു.</td></tr>
<tr><td>13.</td><td>കണ്ണൂർ</td><td>03/02/2018</td><td>കൂത്തുപറമ്പ് താലൂക്ക് ആശുപത്രി</td><td>കൂത്തുപറമ്പ് മുനിസിപ്പൽ സ്റ്റേഡിയത്തിനരികിൽ 8 1/2 സെന്റ് സ്ഥലം ലഭ്യമായിട്ടുണ്ട്.</td></tr>
<tr><td>14.</td><td>കാസർഗോഡ്</td><td>31/10/2019</td><td>ഫാമിലി വെൽഫെയർ സെന്റർ, ചെങ്കള ഗ്രാമപഞ്ചായത്ത്</td><td>അണങ്കൂർ പ്രദേശത്ത് ലഭ്യമായിട്ടുള്ള 25 സെന്റ് സ്ഥലത്ത് കെട്ടിടം പണി ആരംഭിച്ചിട്ടുണ്ട്.</td></tr>
</table>
(20.10.2022 ലെ സമിതി യോഗത്തിൽ അംഗീകരിച്ചു)
</td>
</tr>
<tr>
<td>21</td>
<td>36</td>
<td>സാമൂഹ്യ ചട്ടക്കൂടുകളുമായി പൊരുത്തപ്പെടാതെ കേസുകളിൽ ഉൾപ്പെടുന്ന കുട്ടികളുടെ പുനരധിവാസം ലക്ഷ്യം വച്ചുകൊണ്ട് കുട്ടികളുടെ മാനസിക, സാമൂഹ്യ അവസ്ഥ മെച്ചപ്പെടുത്തുന്നതിനായി ബാംഗ്ലൂർ നിംഹാൻസും വനിതാ ശിശു വികസന വകുപ്പും ചേർന്ന് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് 'കാവൽ' പദ്ധതി. പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം അവശ്യം വേണ്ടുന്ന എല്ലാ കുട്ടികൾക്കും ലഭ്യമാക്കുന്നതിനായി 'കാവൽ' പദ്ധതി എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</td>
<td><u>സാമൂഹ്യനീതി (ബി) വകുപ്പ് (24.06.2020-ലെ സാ.നീ.വ-ബി3/379/2019/സാ.നീ.വ നമ്പർ കത്ത് മുഖേന ലഭിച്ചത്.)</u><br><br>സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയ്ക്കും കാവൽ പദ്ധതി വ്യാപിപ്പിച്ചിട്ടുണ്ട്.<br><br>(06.11.2020-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)<br><br><u>വനിതാ ശിശുവികസന (ബി) വകുപ്പ് (30.05.2022-ലെ വശിവിവ ബി3/21/2022/വശിവിവ നമ്പർ കത്ത് മുഖേന ലഭിച്ചത്.)</u><br><br>സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയ്ക്കും കാവൽ പദ്ധതി വ്യാപിപ്പിച്ചിട്ടുണ്ട്.<br><br>( 20.10.2022-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)</td>
</tr>
</table>

| | | | |
|---|---|---|---|
| | | | **<u>വനിതാ ശിശുവികസന (സി) വകുപ്പ് (10.07.2023-ലെ WCD-C3/321/2022/WCD നമ്പർ കത്ത് മുഖേന ലഭിച്ചത്.)</u>**<br>കാവൽ പദ്ധതി എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിച്ചിട്ടുണ്ട്.<br>(25.09.2023-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു. |

**ഭാഗം II**

**സമിതിയുടെ ശിപാർശ, സമിതി ആവശ്യപ്പെട്ട അധികവിവരം എന്നിവയിൽ നടപി റിപ്പോർട്ട് ലഭിക്കാനുള്ളവ സംബന്ധിച്ച വിശദാംശം**

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ശിപാർശ | സ്വീകരിച്ച നടപടി |
|---|---|---|---|
| 1. | 11 | കുട്ടികളുടെ മാനസികോല്ലാസത്തിനായി ആഴ്ചതോറും ലഘുയാത്രകൾ സംഘടിപ്പിക്കുന്നതിനും വാർഷിക വിനോദയാത്രയ്ക്കും വേണ്ടി തുക അനുവദിച്ചുവരുന്നതായി നിരീക്ഷിച്ച സമിതി, ആയത് കുട്ടികളുടെ മാനസിക ഉല്ലാസത്തിനും ഒരു പുതിയ ജീവിതത്തിനും ഉത്തേജനമേകുമെന്ന് അഭിപ്രായപ്പെട്ടു. ആയതിനാൽ കുട്ടികളുടെ മാനസികോല്ലാസത്തിനും പൊതുവിജ്ഞാനം, പ്രായോഗിക പരിജ്ഞാനം എന്നിവ വർദ്ധിപ്പിക്കുന്നതിനും ചിൽഡ്രൻസ് ഹോം, ഒബ്സർവേഷൻ ഹോം എന്നിവിടങ്ങളിൽ റേഡിയോ, ടെലിവിഷൻ എന്നിവ ഏർപ്പെടുത്തണമെന്നും മതിയായ സുരക്ഷയോടെ കുട്ടികൾക്കായി വിനോദയാത്രകൾ സംഘടിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.<br><br>**(25-09-2023 -ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധിക വിവരം)**<br><br>**കോവിഡ് സാഹചര്യം മാറിയ പശ്ചാത്തലത്തിൽ ജുവനൈൽ ജസ്റ്റിസ് സ്ഥാപനങ്ങളിലെ കുട്ടികളെ വിനോദയാത്രയ്ക്ക് കൊണ്ടുപോകുന്നതിനുള്ള നടപടി പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നുള്ള റിപ്പോർട്ട് ലഭ്യമാക്കുക.** | **വനിതാ ശിശുവികസന (സി) വകുപ്പ് (10.07.2023-ലെ WCD-C3/321/2022-WCD നമ്പർ കത്ത് മുഖേന ലഭിച്ചത്.)**<br>കോവിഡിന്റെ പശ്ചാത്തലത്തിൽ 2021-22 സാമ്പത്തിക വർഷം ജെ. ജെ. സ്ഥാപനങ്ങളിലെ കുട്ടികളെ വിനോദയാത്ര കൊണ്ടുപോകുന്നതിന് ആരോഗ്യ വകുപ്പിന്റെ നിർദ്ദേശാനുസരണം നടപടികൾ സ്വീകരിക്കുന്നതാണ്. റേഡിയോ ഇല്ലാത്ത ജെ.ജെ. സ്ഥാപനങ്ങളിൽ സൂപ്രണ്ടുമാരിൽ നിന്നും പ്രൊപ്പോസൽ വാങ്ങി തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.<br>**(25-09-2023-ലെ യോഗത്തിൽ പരിഗണിക്കുകയും അധിക വിവരം ആവശ്യപ്പെടുകയും ചെയ്തു)**<br><br>**റിപ്പോർട്ട് ലഭിച്ചിട്ടില്ല.** |
| 2. | 12 | പഠനം മുടങ്ങി നിൽക്കുന്ന കുട്ടികൾക്കായി സ്വയം തൊഴിൽ കണ്ടെത്തുന്നതിന് മൊബൈൽ ഫോൺ റിപ്പയറിംഗ്, പ്ലംബിംഗ്, അലൂമിനിയം ഫാബ്രിക്കേഷൻ, കമ്പ്യൂട്ടർ കോഴ്സുകൾ എന്നിവ പഠിക്കുന്നതിനാവശ്യമായ സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളതായി സമിതി | **തൊഴിലും നൈപുണ്യവും (സി) വകുപ്പ് (05.11.2020-ലെ സി3/204/2019/തൊഴിൽ നമ്പർ കത്ത് മുഖേന ലഭിച്ചത്.)**<br>പ്രധാനമന്ത്രി കൗശൽ വികാസ് യോജന (PMKVY) പദ്ധതി വഴി ചിൽഡ്രൻസ് ഹോമിലെ കുട്ടികൾക്ക് പരിശീലനം നൽകാൻ സാധിക്കുന്നതാണ്. സമിതി റിപ്പോർട്ടിൽ പ്രതിപാദിക്കുന്ന കോഴ്സുകളായ മൊബൈൽ |

| | | | |
|---|---|---|---|
| | | മനസ്സിലാക്കുന്നു. ചിൽഡ്രൻസ് ഹോമിൽ നിന്ന് കാലാവധി പൂർത്തിയായി പുറത്തിറങ്ങുമ്പോൾ ആരെയും ആശ്രയിക്കാതെ ജീവിക്കുവാൻ പ്രാപ്തരാകത്തക്കവിധം കുട്ടികൾക്ക് വിവിധ തൊഴിലധിഷ്ഠിത കോഴ്സുകളിൽ പ്രാവീണ്യം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br>**(17-12-2020-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധിക വിവരം)**<br>ചിൽഡ്രൻസ് ഹോമിലെ കുട്ടികൾക്ക് വിവിധ തൊഴിലധിഷ്ഠിത കോഴ്സുകളിൽ പ്രാവീണ്യം നൽകണമെന്ന സമിതിയുടെ ശിപാർശ പ്രാവർത്തികമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ആയതിന്റെ പുരോഗതി എന്താണെന്നും ഉള്ള റിപ്പോർട്ട് ലഭ്യമാക്കുക. | ഫോൺ റിപ്പയറിംഗ്, കമ്പ്യൂട്ടർ കോഴ്സുകൾ ഉൾപ്പടെയുള്ള ജോലി സാദ്ധ്യതയുള്ള നിരവധി കോഴ്സുകൾ ഈ പദ്ധതി മുഖേന നടത്തുന്നുണ്ട്. കൂടാതെ ഗ്രാമീണ മേഖലയിലെ സ്കൂൾ, കോളേജ് വിദ്യാർത്ഥികൾ ഉൾപ്പെടുന്ന യുവസമൂഹത്തിന് തൊഴിൽ നൈപുണ്യ പരിശീലനം ഉറപ്പാക്കുന്നതോടൊപ്പം ആഗോള മത്സര രംഗത്ത് അവരെ മുൻനിരയിലെത്തിക്കാൻ പ്രാപ്തരാക്കുക എന്ന ലക്ഷ്യം മുൻനിറുത്തി ആരംഭിച്ച സ്ഥാപനമാണ് കൗശൽ കേന്ദ്ര. ടി സ്ഥാപനം മുഖേനയും ചിൽഡ്രൻസ് ഹോമിലെ കുട്ടികൾക്ക് പരിശീലനം നൽകാൻ സാധിക്കുന്നതാണ്. ചിൽഡ്രൻസ് ഹോമിലെ കുട്ടികൾക്ക് പരിശീലനം നൽകുന്നതുമായി ബന്ധപ്പെട്ട് പ്രാരംഭ ചർച്ചകൾ സാമൂഹ്യനീതി വകുപ്പുമായി കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് (KASE) നടത്തിയിട്ടുണ്ട്.<br>**(17-12-2020-ലെ യോഗത്തിൽ പരിഗണിക്കുകയും അധിക വിവരം ആവശ്യപ്പെടുകയും ചെയ്തു.)**<br>**റിപ്പോർട്ട് ലഭിച്ചിട്ടില്ല.** |
| 3. | 23 | അന്തേവാസികളിൽ ജീവിതശൈലീ രോഗങ്ങളും മറ്റ് ശാരീരിക മാനസിക ബുദ്ധിമുട്ടുകളും അനുഭവിക്കുന്നവരുണ്ടെന്ന് സമിതിക്ക് മനസ്സിലായി. ആയതിനാൽ രോഗചികിത്സയ്ക്കായി അലോപ്പതി ഡോക്ടറുടെ സേവനം മാസത്തിൽ 5 ദിവസം എന്നതിനു പകരം ആഴ്ചയിൽ 3 ദിവസമെങ്കിലും ലഭ്യമാക്കണമെന്നും വിദഗ്ദ്ധ ചികിത്സ ആവശ്യമുള്ളവർക്ക് കോഴിക്കോട് മെഡിക്കൽ കോളേജുമായി ചേർന്ന് അതിനുള്ള സൗകര്യമൊരുക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. കൂടാതെ രണ്ടാഴ്ചയിലൊരിക്കലെങ്കിലും മാനസികരോഗ വിദഗ്ദ്ധന്റെ സേവനം ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.<br>**(12-03-2024-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധിക വിവരം)**<br>**കോഴിക്കോട് ഗവൺമെന്റ് വൃദ്ധ മന്ദിരത്തിലെ അന്തേവാസികളിൽ ജീവിതശൈലി രോഗങ്ങളും മറ്റു ബുദ്ധിമുട്ടുകളും ഉള്ളവർക്ക്** | **ആരോഗ്യ കുടുംബക്ഷേമ (എഫ്.ഡബ്ല്യു) വകുപ്പ് (13.02.2024-ലെ HEALTH-FW2/452/2019-HEALTH നമ്പർ കത്ത് മുഖേന ലഭിച്ച ഇടക്കാല റിപ്പോർട്ട്)**<br>കോഴിക്കോട് ഗവൺമെന്റ് വൃദ്ധമന്ദിരത്തിലെ അന്തേവാസികളിൽ ജീവിതശൈലി രോഗങ്ങളും മറ്റു ബുദ്ധിമുട്ടുകളും ഉള്ളവർക്ക് ചികിത്സ സൗകര്യം കോഴിക്കോട് മെഡിക്കൽ കോളേജുമായി ചേർന്നു നൽകണം എന്നുള്ള സമിതിയുടെ നിർദ്ദേശം, ജീവനക്കാരുടെ ജോലി ഭാരവും അപര്യാപ്തതയും നിമിത്തം പ്രായോഗികം അല്ല എന്ന് കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജ് ഫാമിലി മെഡിസിൻ വിഭാഗം അധികൃതർ അഭിപ്രായപ്പെട്ടിട്ടുണ്ട്. അതിനാൽ എ.എഫ്.പി.ഐ കേരള ചാപ്റ്ററുമായി സഹകരിച്ച് ആയത് നടപ്പിലാക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്ന വിവരം ബോധിപ്പിച്ചുകൊള്ളുന്നു.<br>**(12-03-2024-ലെ യോഗത്തിൽ പരിഗണിക്കുകയും അന്തിമ റിപ്പോർട്ട്** |

| | | | |
|---|---|---|---|
| | | **എ.എഫ്.പി.ഐ. കേരള ചാപ്റ്ററുമായി സഹകരിച്ച് ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിന്റെ സാദ്ധ്യത പരിശോധിക്കുന്നതിന് സ്വീകരിച്ച നടപടിയുടെ അന്തിമ റിപ്പോർട്ട് ലഭ്യമാക്കുക.** | **ആരായുകയും ചെയ്യു.) റിപ്പോർട്ട് ലഭ്യമായിട്ടില്ല.** |
| 4 | 30 | ഗവൺമെന്റ് ചിൽഡ്രൻസ് ഹോമിൽ വളരുന്ന കുട്ടികൾക്ക് രക്ഷകർത്താക്കളുടെ കരുതലും സ്നേഹവും ലഭിക്കാത്തതു കൊണ്ട് ചിലപ്പോഴെങ്കിലും പഠനത്തിൽ പിന്നാക്കം പോകുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഗവൺമെന്റ് ചിൽഡ്രൻസ് ഹോമുകളിൽ താമസിച്ച് പഠിക്കുന്ന കുട്ടികൾക്ക് തുടർ പഠനത്തിന് അവസരം നൽകുന്നതിനായി സ്ഥാപനങ്ങളുടെ സമീപത്തുള്ള കോളേജുകളിൽ പ്ലസ് ടു, ഡിഗ്രി തുടങ്ങിയ കോഴ്സുകളിൽ പ്രവേശനത്തിന് മുൻഗണന നൽകണമെന്ന് സമതി ശിപാർശ ചെയ്യുന്നു. | ഉന്നതവിദ്യാഭ്യാസ(ബി),പൊതുവിദ്യാഭ്യാസ (ജി) വകുപ്പുകൾ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. അഞ്ച് വർഷത്തിൽ കൂടുതലായിട്ടും സമിതി ശിപാർശയിന്മേൽ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |

തിരുവനന്തപുരം,
19.03.2025.

**യു. പ്രതിഭ**
ചെയർപേഴ്സൺ
സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും
കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും
ക്ഷേമം സംബന്ധിച്ച സമിതി.

അനുബന്ധം - I ( **ഖണ്ഡിക(10)**

| സിസിടിവി ക്യാമറകൾ സ്ഥാപിച്ചിട്ടുള്ള ജെ ജെ ഹോമുകൾ | |
|---|---|
| നം | സ്ഥാപനത്തിന്റെ പേര് |
| 1. | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ്,, വെള്ളിമാട്ടുകുന്ന്, കോഴിക്കോട് |
| 2. | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ്, മായിത്തറ, ആലപ്പുഴ |
| 3. | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, തവനൂർ, മലപ്പുറം |
| 4. | ഗവ.ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, തിരുവഞ്ചൂർ, കോട്ടയം |
| 5. | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, മുട്ടിക്കുളങ്ങര, പാലക്കാട് |
| 6. | ഗവ.ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, വെള്ളിമാട്ടുകുന്ന്, കോഴിക്കോട് |
| 7. | ഗവ.ഒബ്സർവേഷൻ ഹോം ബോയ്സ്, രാമവർമ്മപുരം, തൃശ്ശൂർ |
| 8. | ഗവ.പ്ലേസ് ഓഫ് സേഫ്റ്റി ബോയ്സ്, രാമവർമ്മപുരം, തൃശ്ശൂർ |
| 9. | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, നൂറനാട്, ആലപ്പുഴ |
| 10. | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, വയലത്തല, പത്തനംതിട്ട |
| 11. | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്. പരവനടുക്കം, കാസർഗോഡ് |
| 12. | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ്, കാക്കനാട്, എറണാകുളം |
| 13. | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, തലശ്ശേരി, കണ്ണൂർ |
| 14. | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ്, തലശ്ശേരി, കണ്ണൂർ |
| 15. | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, പൂജപ്പുര, തിരുവനന്തപുരം |
| 16. | ഗവ. ചിൽഡ്രൻസ് ഹോം, ബീച്ച് റോഡ്, കൊല്ലം |

**അനുബന്ധം – II (ഖണ്ഡിക 35)**

| Sl. No. | District | Official Phone No. | Mobile No. | Full Postal Address | Email-ID | Remarks |
|---|---|---|---|---|---|---|
| 1 | Thiruvananthapuram | 0471-2741699 | 8590750698 | 2nd floor, 2nd building, Kadakampally Family Health Centre, Venpalavattom, Anayara | sakhitvmosc@gmail.com | |
| 2 | Kollam | 0474-2957827 | 6282930869 | Rama Rao Memorial Taluk Hospital, Nedumgolam P.O, Paravur | osckollam@gmail.com | |
| 3 | Pathanamthitta | Nil (Centre running at Mahilamandiram) | 9495161699 | Govt. Mahilamandiram, Keezhkara, Kozhenchery, Pathanamthitta -689641 | oscpathanamthitta@gmail.com | |
| 4 | Alappuzha | Nil | 9495326115 | Taluk Head Quarters Hospital, Police Station Road, Opp.Govt. Boys Higher Secondary School, Cherthala, Alappuzha-688524 | sakhionestopcenteralappuzha@gmail.com | |
| 5 | Kottayam | Nil (temporary building) | 9746217945 | Kumarakam, Kumarakam East P.O, Kottayam - 686563 | osckottayam@gmail.com | |
| 6 | Idukki | 04862-296069 | 9946347956 | Old KV School, PWD Building Cheruthoni P.O, Idukki - 685603 | oscidukki@gmail.com | Due to pending of payment land phone disconnected |
| 7 | Ernakulam | Nil | 8547710899 | Seaport Airport Road, Eachamukku, Padamukal | oscernakulam@gmail.com | |
| 8 | Thrissur | 0480- | 8301983262 | General | oscirinjalak | |

| | | | | | | |
|---|---|---|---|---|---|---|
| | | 2833676 | | Hospital, Tana, Irinjalakuda | uda@gmail.com | |
| 9 | Palakkad | 8547202181 | 9061957515 | District Hospital, (Women and Children), Palakkad-678001 | oscpalakkad@gmail.com | |
| 10 | Malappuram | 0493-3297400 | 9446201765 | Old Thahsildar Quarters, Near PWD, Perinthalmanna, Malappuram-679322 | oscmalappuram@gmail.com | |
| 11 | Kozhikkode | 0495-2732253 | 9946916253 | Social Justice Complex, Vellimadukunnu, Kozhikode - 12 | osckkd@gmail.com | |
| 12 | Kannur | 0490-2367450 | 7306996066 | Kuthuparamba Taluk Hospital building | onestopcentrekpba@gmail.com | |
| 13 | Wayanad | 04936-202120 | 8281754942 | Old General Hospital, Kalpetta Near Kalpetta Police Station, Wayanad-673121 | oscwayanad@gmail.com | |
| 14 | Kasargod | Nil | 9400088573 | Near Family Welfare Centre, Vidyanagar, Vidyanagar P.O, Kasargod-671123 | osckasargod@gmail.com | |

**അനുബന്ധം – III (ഖണ്ഡിക 35)**
**വൺ സ്റ്റോപ്പ് സെന്റർ കെട്ടിടനിർമ്മാണം സംബന്ധിച്ച്**

| ക്രമ നം. | ജില്ലയുടെ പേര് | നിലവിൽ ഒ.എസ്.സി. പ്രവർത്തിക്കുന്നത് | സ്വന്തമായി സ്ഥലം ലഭ്യമായിട്ടുണ്ടെങ്കിൽ വിശദവിവരം | കെട്ടിടനിർമ്മാണത്തിന് ഫണ്ട് അനുവദിച്ചിട്ടുണ്ടെങ്കിൽ | | | കെട്ടിടനിർമ്മാണം ആരംഭിച്ചിട്ടുണ്ടെങ്കിൽ നിലവിലെ അവസ്ഥ | ഇല്ലെങ്കിൽ കാരണം |
|---|---|---|---|---|---|---|---|---|
| | | | | അനുവദിച്ച തുക | ചെലവഴിച്ച തുക | ബാക്കി തുക | | |
| 1 | തിരുവനന്തപുരം | ഫാമിലി വെൽഫെയർ സെന്ററിനോടനുബന്ധിച്ച് | കണ്ടെത്തിയിട്ടുണ്ട്. പേരൂർക്കട ആശുപത്രി കോമ്പൗണ്ടിൽ | 60,00,000<br>(37,68,972+ 22,31,073) | 0 | 60,00,000 | ഇല്ല | ഭൂമി കൈമാറ്റ നടപടികൾ സ്വീകരിച്ചു വരുന്നു. |
| 2 | കൊല്ലം | താലൂക്ക് ആശുപത്രിയോടനുബന്ധിച്ച് | കണ്ടെത്തിയിട്ടുണ്ട്. രാമവർമ്മ ആശുപത്രി കോമ്പൗണ്ടിൽ | 24,34,686 | -- | 24,34,686 | ഇല്ല | ഡി. എം.ഒ.യുടെ അംഗീകാരത്തിന് സമർപ്പിക്കുന്നു. |
| 3 | പത്തനംതിട്ട | ഗവൺമെന്റ് മഹിളാ മന്ദിരത്തിനോടനുബന്ധിച്ച് | ഉണ്ട്. 4 ആർ | 24,34,686 | -- | 24,34,686 | ഇല്ല | പഴയ കെട്ടിടം മാറ്റുന്ന പ്രവർത്തനം നടത്തേണ്ടതുണ്ട്. വാല്യൂവേഷൻ തുക കുറയ്ക്കുന്നതിനായി ഡയറക്ടർക്ക് അപേക്ഷ നൽകിയിരിക്കുന്നു |
| 4 | ആലപ്പുഴ | താലൂക്ക് ആശുപത്രിയോടനുബന്ധിച്ച് | ഇല്ല | 24,34,686 | -- | 24,34,686 | ഇല്ല | സ്ഥലം ലഭ്യമായിട്ടില്ല. |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 5 | ഇടുക്കി | സർക്കാർ വക കെട്ടിടത്തിൽ | കണ്ടെത്തിയിട്ടുണ്ട് | 24,34,686 | -- | 24,34,686 | ഇല്ല | ജില്ലാ പഞ്ചായത്ത് വക ഭൂമി കൈമാറ്റ നടപടികൾ നടക്കുന്നു |
| 6 | കോട്ടയം | പഞ്ചായത്തു വക കെട്ടിടത്തിൽ | 15 സെന്റ് സ്ഥലം കണ്ടെത്തിയിട്ടുണ്ട് | 24,34,686 | -- | 24,34,686 | ഇല്ല | വസ്തു കൈമാറ്റ നടപടികൾ പുരോഗമിക്കുന്നു. |
| 7 | എറണാകുളം | തൃക്കാക്കര എൻ.ജി.ഒ ക്വാർട്ടേഴ്സ് | ഉണ്ട്. പഴയ കെട്ടിടം ഉൾപ്പെടെ | 24,34,686 | 12,73,955 | 11,60,731 | കെട്ടിട നവീകരണ പ്രവർത്തനം നടക്കുന്നു | |
| 8 | തൃശ്ശൂർ | ഇരിങ്ങാലക്കുട ജനറൽ ആശുപത്രിയിൽ | ഇല്ല | 10,00,000 | 10,00,000 | -- | സ്ഥലം ലഭ്യമായിട്ടില്ല. റിഫർബിഷ്മെന്റ് വർക്ക് പൂർത്തീകരിച്ചിട്ടില്ല. | |
| 9 | പാലക്കാട് | ആശുപത്രിയോടനുബന്ധിച്ച് | ഇല്ല. നടപടികൾ തുടങ്ങുന്നു | 24,34,686 | -- | 24,34,686 | ഇല്ല | ഭൂമി കൈമാറ്റ നടപടികൾ പൂർത്തീകരിച്ചിട്ടില്ല |
| 10 | മലപ്പുറം | വാടക കെട്ടിടം | ഹെൽത്ത് ഡിപ്പാർട്ട്മെന്റ് വക സ്ഥലം കണ്ടെത്തിയിട്ടുണ്ട് | | | | | തുക അനുവദിച്ചിട്ടില്ല |
| 11 | കോഴിക്കോട് | സാമൂഹ്യനീതി വകുപ്പ് വക കെട്ടിടം | വെള്ളിമാടുകുന്ന് കെട്ടിടം പുതുക്കിപ്പണിയുന്നു | 24,34,686 | 4,86,000 | 19,48,686 | കെട്ടിട നിർമ്മാണം ആഗസ്റ്റിൽ പൂർത്തീക | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | രിക്കുന്നതാണ് | |
| 12 | വയനാട് | മറ്റു സ്ഥാപനങ്ങളോടനുബന്ധിച്ച് | | | | | | തുക അനുവദിച്ചിട്ടില്ല |
| 13 | കണ്ണൂർ | കൂത്തുപറമ്പ് താലൂക്ക് ആശുപത്രിയിൽ | ഉണ്ട്. 3.7 ആർ സ്ഥലം | | | | | തുക അനുവദിച്ചിട്ടില്ല |
| 14 | കാസർഗോഡ് | ഫാമിലി വെൽഫെയർ സെന്ററിനോടനുബന്ധിച്ച് | 25 സെന്റ് കൈമാറ്റ നടപടികൾ പുരോഗമിക്കുന്നു | 24,34,686 | -- | 24,34,686 | | ഭൂമി കൈമാറ്റ നടപടികൾ പുരോഗമിക്കുന്നു |

## അനുബന്ധം – IV (ഖണ്ഡിക 35)

| sakhi One Stop Centre (OSC) Kerala | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| OSC – Update Report – Kerala | | | | | | | | | | | | | | | | |
| Registered Case Details from Starting to 30th September 2020 (Consolidated Report) | | | | | | | | | | | | | | | | |
| | | | No.of Case Registered in OSCs of the Kerala State | | | | | | | | | | | | | |
| Sl. No. | Description | Total No.of cases registered at state wide OSC | Trivandrum 11.08.17 | Kollam 01.10.19 | Pathanamthitta 18.09.19 | Alappuzha 18.09.19 | Kottayam 5.10.19 | Idukki 30.10.19 | Ernakulam 30.10.19 | Thrissur 04.08.18 | Palakkad 01.11.19 | Malappuram 08.03.18 | Kozhikkode 01.08.19 | Wayanad 14.11.18 | Kannur 03.02.18 | Kasargod 31.10.19 |
| 1 | No.of Committee meetings conducted | 152 | 14 | 3 | 4 | 4 | 3 | 4 | 7 | 14 | 13 | 17 | 16 | 13 | 11 | 29 |
| 2 | No.of orientation & sensitisation programs conducted | 215 | 29 | 3 | 2 | 0 | 0 | 4 | 5 | 3 | 0 | 10 | 56 | 54 | 1 | 48 |
| 3 | No.of Awareness generation activities organised | 4804 | 29 | 15 | 26 | 7 | 4500 | 2 | 4 | 46 | 16 | 27 | 11 | 35 | 38 | 48 |
| 4. No.of cases registered | a. Domestic violence | 1926 | 235 | 101 | 110 | 113 | 108 | 34 | 125 | 351 | 29 | 128 | 108 | 96 | 309 | 79 |
| | b. Rape | 50 | 11 | 2 | 0 | 0 | 0 | 1 | 0 | 12 | 1 | 1 | 5 | 0 | 17 | 0 |
| | c. Sexual offence/ Sexual harassment | 100 | 23 | 25 | 1 | 0 | 1 | 0 | 2 | 27 | 1 | 7 | 8 | 1 | 2 | 2 |
| | d. Acid attack | 3 | 1 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1 | 0 | 1 | 0 |
| | e. Women trafficking | 2 | 0 | 0 | 0 | 0 | 0 | 0 | 0 | 2 | 0 | 0 | 0 | 0 | 0 | 0 |
| | f. Child sexual abuse | 225 | 33 | 8 | 7 | 0 | 0 | 0 | 1 | 53 | 34 | 7 | 12 | 7 | 59 | 4 |
| | g. Child marriage | 7 | 1 | 0 | 0 | 0 | 0 | 0 | 0 | 3 | 0 | 0 | 0 | 2 | 0 | 1 |
| | h. Missing/ Kidnapping/ Abduction | 64 | 19 | 2 | 0 | 0 | 0 | 0 | 0 | 19 | 3 | 14 | 1 | 1 | 4 | 1 |
| | i. Cyber crime | 50 | 13 | 5 | 1 | 0 | 0 | 0 | 3 | 18 | 1 | 4 | 3 | 0 | 1 | 1 |
| | j. Dowry harassment/ death | 18 | 5 | 13 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| | k. Any other | 1582 | 172 | 68 | 17 | 21 | 580 | 45 | 11 | 128 | 34 | 70 | 117 | 170 | 130 | 19 |
| 5. | Services provided at OSC | | | | | | | | | | | | | | | |
| | a. No.of Legal aid/ Counselling support | 879 | 267 | 92 | 1 | 9 | 0 | 40 | 88 | 129 | 5 | 73 | 66 | 19 | 72 | 18 |
| | b. No.of Medical assistance | 350 | 39 | 19 | 4 | 0 | 0 | 11 | 3 | 133 | 29 | 10 | 3 | 16 | 72 | 11 |
| | c. No.of Police assistance service | 425 | 108 | 30 | 7 | 10 | 1 | 17 | 18 | 66 | 15 | 37 | 29 | 14 | 50 | 23 |
| | d. No.of cases required shelter support | 508 | 21 | 8 | 5 | 0 | 3 | 16 | 3 | 149 | 13 | 45 | 31 | 127 | 85 | 2 |
| | e. No.of Psycho social | 3690 | 316 | 53 | 136 | 1024 | 689 | 67 | 36 | 355 | 53 | 228 | 129 | 230 | 286 | 88 |

| | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | councelling support | | | | | | | | | | | | | | | |
| | f. No.of cases linked with the Government schemes | 86 | 4 | 2 | 0 | 0 | 0 | 11 | 0 | 46 | 5 | 0 | 6 | 5 | 6 | 1 |
| | g. No. of shelter | 624 | 60 | 8 | 7 | 0 | 3 | 16 | 3 | 183 | 13 | 32 | 31 | 177 | 85 | 6 |
| | h. Follow up sessions | 7553 | 410 | 89 | 105 | 134 | 0 | 96 | 70 | 1255 | 249 | 485 | 1275 | 472 | 1854 | 1059 |
| 6. | No.of success stories of women documented | 450 | 27 | 170 | 10 | 96 | 0 | 7 | 2 | 41 | 3 | 20 | 12 | 21 | 15 | 26 |
| 7. | Total No.of cases registered at OSC (Sl.No.4 only) | 4027 | 513 | 224 | 136 | 134 | 689 | 80 | 142 | 613 | 103 | 231 | 255 | 277 | 523 | 107 |